# الحجاب

## وجوب تغطية المرأة وجهها
## وتحريم اختلاطها بغير محارمها

عبد المحسن بن حمد العباد البدر

# ഹിജാബ്

ശൈഖ് അബ്ദുൽ മുഹ്സിൻ അബ്ബാദ് അൽ ബദർ حفظه الله

WWW.KITHABUTHOUHEED.COM

# وجوب تغطية المرأة وجهها

## وتحريم اختلاطها بغير محارمها

عبد المحسن بن حمد العباد البدر

WWW.KITHABUTHOUHEED.COM

بسم الله الرحمن الرحيم

الحمد لله نحمده ونستعينه ونستغفره، ونعوذ بالله من شرور أنفسنا ومن سيئات أعمالنا، من يهده الله فلا مضل له، ومن يضلل فلا هادي له، وأشهد أن لا إله إلا الله وحده لا شريك له وأشهد أن محمداً عبده ورسوله، صلى الله وسلم وبارك عليه وعلى آله وأصحابه ومن سلك سبيله واهتدى بهديه إلى يوم الدين.

أما بعد،

# الأدلة من الكتاب العزيز على وجوب تغطية النساء وجوههن

## സ്ത്രീകൾ മുഖം മറക്കൽ നിർബന്ധം,

## ഖുർആനിൽ നിന്നുള്ള തെളിവുകൾ

**1.** അല്ലാഹു പറഞ്ഞു :

قُل لِّلْمُؤْمِنِينَ يَغُضُّوا مِنْ أَبْصَارِهِمْ وَيَحْفَظُوا فُرُوجَهُمْ ذَٰلِكَ أَزْكَىٰ لَهُمْ إِنَّ اللَّهَ خَبِيرٌ بِمَا يَصْنَعُونَ,وَقُل لِّلْمُؤْمِنَاتِ يَغْضُضْنَ مِنْ أَبْصَارِهِنَّ وَيَحْفَظْنَ فُرُوجَهُنَّ وَلَا يُبْدِينَ زِينَتَهُنَّ إِلَّا مَا ظَهَرَ مِنْهَا وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ وَلَا يُبْدِينَ زِينَتَهُنَّ إِلَّا لِبُعُولَتِهِنَّ أَوْ آبَائِهِنَّ أَوْ آبَاءِ بُعُولَتِهِنَّ أَوْ أَبْنَائِهِنَّ أَوْ أَبْنَاءِ بُعُولَتِهِنَّ أَوْ إِخْوَانِهِنَّ أَوْ بَنِي إِخْوَانِهِنَّ أَوْ بَنِي أَخَوَاتِهِنَّ أَوْ نِسَائِهِنَّ أَوْ مَا مَلَكَتْ أَيْمَانُهُنَّ أَوِ التَّابِعِينَ غَيْرِ أُولِي الْإِرْبَةِ مِنَ الرِّجَالِ أَوِ الطِّفْلِ الَّذِينَ لَمْ يَظْهَرُوا عَلَىٰ عَوْرَاتِ النِّسَاءِ وَلَا يَضْرِبْنَ بِأَرْجُلِهِنَّ لِيُعْلَمَ مَا يُخْفِينَ مِن زِينَتِهِنَّ وَتُوبُوا إِلَى اللَّهِ جَمِيعًا أَيُّهَ الْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ

(നബിയേ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു. സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും, അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക. അവരുടെ മക്കനകൾ കുപ്പായമാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ. അവരുടെ ഭർത്താക്കൻമാർ, അവരുടെ പിതാക്കൾ, അവരുടെ ഭർതൃപിതാക്കൾ, അവരുടെ പുത്രൻമാർ, അവരുടെ ഭർതൃപുത്രൻമാർ, അവരുടെ സഹോദരൻമാർ, അവരുടെ സഹോദരപുത്രൻമാർ, അവരുടെ സഹോദരീ പുത്രൻമാർ, അവരിൽപ്പെട്ട സ്ത്രീകൾ, അവരുടെ വലംകൈകൾ ഉടമപ്പെടുത്തിയവർ (അടിമകൾ), ലൈംഗികാസക്തി ഉള്ളവരല്ലാത്ത പുരുഷൻമാരായ പരിചാരകർ, സ്ത്രീകളുടെ രഹസ്യങ്ങൾ മനസ്സിലാക്കിയിട്ടില്ലാത്ത കുട്ടികൾ എന്നിവരൊഴിച്ച് മറ്റാർക്കും തങ്ങളുടെ ഭംഗി അവർ വെളിപ്പെടുത്തരുത്. തങ്ങൾ മറച്ചുവെക്കുന്ന തങ്ങളുടെ

അലങ്കാരം അറിയപ്പെടുവാൻ വേണ്ടി അവർ കാലിട്ടടിക്കുകയും ചെയ്യരുത്. സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചുമടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം. *(സൂറത്ത് നൂർ : 30,31)*

മ്ലേച്ഛതയിൽ വീഴാതിരിക്കാൻ സത്യവിശ്വാസികൾ അവരുടെ ഗുഹ്യാവയവങ്ങൾ സൂക്ഷിക്കണമെന്നതും അതിലേക്കുള്ള മാർഗമായ കണ്ണുകൾ താഴ്ത്തണമെന്നതും അല്ലാഹു ആദ്യത്തെ ആയത്തിൽ ഒരുമിച്ച് പ്രതിപാദിച്ചു.

**(مِن)**എന്നത് **حفظ** الفرج ന്റെ കൂടെ ഉപയോഗിക്കാതെ غض البصر ന്റെ കൂടെ ഉപയോഗിച്ചതിനെക്കുറിച്ചും ഗുഹ്യാവയവങ്ങളെ സൂക്ഷിക്കുന്നതിന് മുമ്പേ കണ്ണിനെ സൂക്ഷിക്കാൻ പറഞ്ഞതിനെക്കുറിച്ചും റൗളത്തുൽ മുഹിബ്ബീൻ എന്ന കിതാബിൽ ഇബ്നുൽ ഖയ്യിം رَحِمَهُ ٱللَّهُ പറയുന്നു:

فلما كان غض البصر أصلاً لحفظ الفرج بدأ بذكره، ولما كان تحريمه تحريم الوسائل فيباح للمصلحة الراجحة ويحرم إذا خيف منه الفساد ولم يعارضه مصلحة أرجح من تلك المفسدة لم يأمر سبحانه بغضه مطلقاً بل أمر بالغض منه، وأما حفظ الفرج فواجب بكل حال لا يباح إلا بحقه، فلذلك عمَّ الأمر بحفظه، وقد جعل الله سبحانه العين مرآة القلب، فإذا غض العبد بصره غض القلب شهوته وإرادته، وإذا أطلق بصرَه أطلق القلبُ شهوته. (روضة المحبين :90 )

“കണ്ണ് താഴ്ത്തൽ ഗുഹ്യാവയവങ്ങൾ സംരക്ഷിക്കുന്നതിന്റെ അടിസ്ഥാനമായതിനാൽ അത് കൊണ്ട് ആരംഭിച്ചു. അത് ഹറാമാക്കിയത് (ഹറാമിലേക്കുള്ള) മാർഗ്ഗങ്ങൾ ഹറാമാക്കുക എന്ന അടിസ്ഥാനത്തിലായതിനാൽ വിവാഹാലോചന പോലുള്ള അവസരങ്ങളിൽ, പ്രബലമായ മസ്ലഹത്തിന് വേണ്ടി അത് ഹലാൽ ആകും. എന്നാൽ അത് കൊണ്ട് ഒരു കുഴപ്പത്തെ ഭയപ്പെടുകയും മുൻഗണന നൽകപ്പെടാവുന്ന ഒരു നന്മയും അതിന് ഇല്ലാതിരിക്കുകയും ചെയ്താൽ അത് ഹറാമാകും. അതുകൊണ്ട് അല്ലാഹു ദൃഷ്ടികളെ പൂർണ്ണമായും അടച്ച് വെക്കാൻ കൽപ്പിച്ചില്ല, മറിച്ച് അത് താഴ്ത്താനാണ് കൽപ്പിച്ചത്. എന്നാൽ ഗുഹ്യാവയവങ്ങളുടെ കാര്യമാകട്ടെ, അവകാശപ്പെട്ടവർക്കൊഴികെ അത് ഒരവസ്ഥയിലും അനുവദിക്കപ്പെടുകയില്ല. അത്കൊണ്ടാണ് അക്കാര്യം നിരുപാധികം വിലക്കിയത്. അല്ലാഹു കണ്ണിനെ ഹൃദയത്തിന്റെ കണ്ണാടിയാക്കി. കണ്ണ് ചിമ്മിയാൽ ഹൃദയം അതിന്റെ ഉദ്ദേശങ്ങളെത്തൊട്ടും ഇച്ഛകളെത്തൊട്ടും ചിമ്മും. കണ്ണിനെ സ്വതന്ത്രമായി വിട്ടാൽ ഹൃദയവും അതിന്റെ ഇച്ഛകളെ സ്വതന്ത്രമായി വിടും.”

ഈ രണ്ട് കാര്യങ്ങൾ പ്രവാചകന്റെ സുന്നത്തിലും ഒന്നിച്ച് വന്നിട്ടുണ്ട്. അവിടുന്ന് പറഞ്ഞു:

يا معشر الشباب! من استطاع منكم الباءة فليتزوج؛ فإنه أغض للبصر وأحصن للفرج، ومن لم يستطع فعليه بالصوم؛ فإنه له وجاء رواه البخاري (5066) ومسلم (3398)

"അല്ലയോ യുവസമൂഹമേ, നിങ്ങളിൽ കഴിവെത്തിയവർ വിവാഹം ചെയ്യട്ടെ, അതാണ് നിങ്ങളുടെ കണ്ണുകൾ താഴ്ത്താനും ഗുഹ്യാവയവങ്ങൾ സൂക്ഷിക്കാനും നല്ലത്. ആർക്കെങ്കിലും അതിന് സാധ്യമല്ലെങ്കിൽ അവൻ നോമ്പെടുക്കട്ടെ. അത് അവന് പരിചയാണ്."

അബൂ ഹുറൈറ رَضِيَ ٱللَّهُ عَنْهُ ൽ നിന്ന് നിവേദനം, നബി ﷺ പറഞ്ഞു:

كتب على ابن آدم نصيبه من الزنى، مدرك ذلك لا محالة، فالعينان زناهما النظر، والأذنان زناهما الاستماع، واللسان زناه الكلام، واليد زناها البطش، والرجل زناها الخُطا، والقلب يهوى ويتمنى، ويصدّق ذلك الفرج ويكذبه (صحيح مسلم:6754)

"വ്യഭിചാരത്തിൽ നിന്ന് ഒരു ഓഹരി ആദമിന്റെ മക്കളുടെ മേൽ നിർബന്ധമായിരിക്കുന്നു. നിർബന്ധമായും അവർ അത് പ്രാപിക്കുക തന്നെ ചെയ്യും. കണ്ണുകളുടെ വ്യഭിചാരം നോട്ടമാണ്. ചെവികളുടെ വ്യഭിചാരം കേൾവിയാണ്. കൈകളുടെ വ്യഭിചാരം സ്പർശനമാണ്. കാലുകളുടെ വ്യഭിചാരം അതിലേക്കുള്ള കാലടികളാണ്. ഹൃദയം, അത് ഇച്ഛിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നു. ഗുഹ്യാവയവമാണ് അതിനെ സത്യപ്പെടുത്തുന്നതും കളവാക്കുന്നതും."

മനഃപൂർവ്വമല്ലാതെ ആരെങ്കിലും തനിക്ക് ഹറാമാക്കിയതിലേക്ക് നോക്കിപ്പോയാൽ അവൻ അതിൽ നിന്ന് കണ്ണിനെ തിരിക്കേണ്ടതാണ്.

ജരീറു ബ്നു അബ്ദില്ലാഹ് رَضِيَ ٱللَّهُ عَنْهُ വിൽ നിന്ന് നിവേദനം:

قال: سألت رسول الله ﷺ عن نظرة الفجاءة، فأمرني أن أصرف بصري. رواه مسلم (5644)

"പെട്ടെന്നുള്ള നോട്ടത്തെക്കുറിച്ച് ഞാൻ നബി ﷺ യോട് ചോദിച്ചു. അപ്പോൾ അദ്ദേഹം എന്റെ കാഴ്ച്ചയെ തിരിക്കാൻ പറഞ്ഞു."

സ്ത്രീകൾ മുഖം മറക്കുന്നത് അവരിലേക്കുള്ള പുരുഷന്മാരുടെ നോട്ടത്തിൽ നിന്ന് സംരക്ഷണമാകും.

രണ്ടാമത്തെ ആയത്തിലും ഗുഹ്യാവയവങ്ങൾ സൂക്ഷിക്കലും കണ്ണ് താഴ്ത്തലും ഒരുമിച്ച് പറഞ്ഞിരിക്കുന്നു. സ്ത്രീകൾക്ക് സ്ത്രീകളുടെയോ അല്ലാത്തവരുടെയോ അനുവദിക്കപ്പെടാത്ത നഗ്നതയിലേക്ക് നോക്കാൻ പാടില്ല. അന്യരായ പുരുഷന്മാരിലേക്കോ അവരുടെ ചിത്രങ്ങളിലേക്കോ അവർക്ക് നോക്കാൻ പാടില്ല.

ആയിശ رَضِيَ ٱللَّهُ عَنْهَا സ്ത്രീകളുടെ നോട്ടത്തെക്കുറിച്ച് പറയുന്നു :

رواه بخاري (454، 455) عن عائشة في نظرها ـ ورسول الله ﷺ يسترها ـ إلى الحبشة وهم يلعبون بالحراب

“അബ്സീനിയക്കാർ ആയുധംകൊണ്ട് കളിക്കുമ്പോൾ അതു കാണുമായിരുന്നു. അവരെത്തൊട്ട് നബി ﷺ ആഇശ رَضِيَ ٱللَّهُ عَنْهَا യെ മറക്കുകയും ചെയ്യും.”

അത് പുരുഷന്മാരിലേക്ക് നോക്കൽ പൂർണ്ണമായി അനുവദനീയമാണ് എന്നറിയിക്കുന്നില്ല. കാരണം അവർ ഒരു കൂട്ടം ആളുകളുടെ കളിയിലേക്കായിരുന്നു നോക്കിയിരുന്നത്. അതിൽ പുരുഷന്മാരുടെ മുഖത്തേക്ക് നോക്കലോ അതിനെക്കുറിച്ച് ചിന്തിക്കലോ വരുന്നില്ല. അത്പോലെ തന്നെ സ്ക്രീനുകളിലും മറ്റും അവരുടെ ചിത്രങ്ങളിലേക്ക് നോക്കലും അതിൽ ഫിത്ന ഉണ്ട് എന്നതിനാൽ (അനുവദനീയമല്ല).

وَلَا يُبْدِينَ زِينَتَهُنَّ إِلَّا مَا ظَهَرَ مِنْهَا وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ

" അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും, അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക. അവരുടെ മക്കനകൾ കുപ്പായമാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ. "

ഇതിൽ സ്ത്രീകൾ തങ്ങളുടെ പ്രകടമാകുന്ന ഭംഗിയല്ലാതെ പുറത്ത് കാണിക്കുന്നതിനുള്ള നിരോധം ഉണ്ട്. (പ്രകടമായ ഭംഗി) എന്നതു കൊണ്ടുദ്ദേശിക്കുന്നത് മറക്കാൻ സാധിക്കാത്ത, വസ്ത്രത്തിനു പുറമെയുള്ള ഭംഗിയാകുന്നു.

അത് ഇബ്നു കഥീറിൽ رَحِمَهُ ٱللَّهُ ഇബ്നു മസ്ഊദ് رَضِيَ ٱللَّهُ عَنْهُ വിൽ നിന്നും ഇബ്നു അബ്ബാസ് رَضِيَ ٱللَّهُ عَنْهُ വിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഇബ്നു അബ്ബാസ് رَضِيَ ٱللَّهُ عَنْهُ വിൽ നിന്ന് :

عن ابن عباس رَضِيَ ٱللَّهُ عَنْهُ تفسير مَا ظَهَرَ مِنْهَا الوجه والكفان والخاتم

“مَا ظَهَرَ مِنْهَا അത് മുഖവും ഇരുമുൻകൈകളും മോതിരവും ആകുന്നു.”

يَا أَيُّهَا النَّبِيُّ قُل لِّأَزْوَاجِكَ وَبَنَاتِكَ وَنِسَاءِ الْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِن جَلَابِيبِهِنَّ

“നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറയുക..... (സൂറ: അഹ്സാബ്: 59)

ഈ ആയത്തിന്റെ തഫ്സീറിൽ അദ്ദേഹം തന്നെ പറഞ്ഞു:

أمر الله نساء المؤمنات إذا خرجن من بيوتهن في حاجة أن يغطين وجوههن من فوق رؤوسهن بالجلابيب، ويبدين عيناً واحدة

"വിശ്വാസിനികളായ സ്ത്രീകൾ വല്ല ആവശ്യത്തിനും വേണ്ടി പുറത്ത് പോവുകയാണെങ്കിൽ തലയിൽ നിന്ന് തുടങ്ങുന്ന ജിൽബാബ് കൊണ്ട് മുഖം മറക്കേണ്ടതാണ്. അവർ ഒരു കണ്ണ് വെളിവാക്കിക്കൊള്ളട്ടെ എന്ന് അല്ലാഹു കൽപിച്ചിരിക്കുന്നു."

അപ്പോൾ പ്രകടമായ ഭംഗി എന്നത് വസ്ത്രമാണെന്നും മുഖവും മുൻകയ്യും അല്ലെന്നും ഇബ്നു അബ്ബാസ് رَضِيَٱللَّهُعَنْهُ ന്റെയും ഇബ്നു മസ്ഊദ് رَضِيَٱللَّهُعَنْهُ ന്റെയും ഈ രണ്ട് അഥറുകളിൽ നിന്ന് വ്യക്തമാകുന്നു. കാരണം **إِلَّا مَا ظَهَرَ مِنْهَا** എന്ന ആയത്തിന്റെ തഫ്സീറിൽ അദ്ദേഹം :إلا ما أظهرن منها (അവർ പ്രകടപ്പിച്ചതല്ലാതെ) എന്നല്ല പറഞ്ഞത്. കാരണം മുഖവും കൈപ്പടങ്ങളും പ്രകടിപ്പിക്കുന്നതാണ്, സ്വയം പ്രകമാകുന്നതല്ല. സൂറത്തുന്നൂറിലെ ഈ ആയത്തിന്റെ തഫ്സീറിൽ ഇബ്നു കഥീർ رَحِمَهُٱللَّهُ ഉദ്ധരിച്ച ഇബ്നു അബ്ബാസിൽ رَضِيَٱللَّهُعَنْهُ നിന്നും ഉദ്ധരിച്ച രണ്ട് അഥറുകളിൽ ഒന്ന് ഹിജാബ് നിർബന്ധമാകുന്നതിന് മുമ്പും മറ്റൊന്ന് അതിന് ശേഷവും ആണെന്ന് **جمع** ചെയ്യാൻ സാധിക്കുന്നു.

ശൈഖുൽ ഇസ്‌ലാം ഇബ്നു തെയ്മിയ്യ رَحِمَهُٱللَّهُ തന്റെ ഫത്‌വാ സമാഹാരത്തിൽ പറഞ്ഞു :

(22/110-111): وحقيقة الأمر أن الله جعل الزينة زينتين: زينة ظاهرة، وزينة غير ظاهرة، وجوز لها إبداء زينتها الظاهرة لغير الزوج وذوي المحارم، وكانوا قبل أن تنزل آية الحجاب كان النساء يخرجن بلا جلباب يرى الرجل وجهها ويديها، وكان إذ ذاك يجوز لها أن تظهر الوجه والكفين، وكان حينئذ يجوز النظر إليها لأنه يجوز لها إظهاره، ثم لما أنزل الله ﷻ آية الحجاب بقوله: يا أَيُّهَا النَّبِيُّ قُل لِّأَزْوَاجِكَ وَبَنَاتِكَ وَنِسَاءِ الْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِن جَلَابِيبِهِنَّ , حجب النساء عن الرجال (مجموع الفتاوى: 110-111/22)

"യഥാർത്ഥത്തിൽ, അല്ലാഹു ഭംഗിയെ രണ്ടായി വിഭജിച്ചിരിക്കുന്നു. പ്രകടമായ സൗന്ദര്യവും പ്രകടമല്ലാത്ത സൗന്ദര്യവും. എന്നിട്ട് അവളുടെ പ്രകടമായ സൗന്ദര്യം ഭർത്താവോ മഹ്റമോ അല്ലാത്തവർക്കു മുന്നിൽ വെളിവാക്കുന്നത് അനുവദിച്ചു. ഹിജാബിന്റെ ആയത്ത് ഇറക്കപ്പെടുന്നതിന് മുമ്പ് അവർ ജിൽബാബില്ലാതെ മറ്റു പുരുഷന്മാർ അവളുടെ മുഖവും കൈപ്പടങ്ങളും കാണുന്ന രീതിയിൽ പുറത്തിറങ്ങുമായിരുന്നു. അപ്പോൾ അവൾക്ക് മുഖവും മുൻകയ്യും വെളിപ്പെടുത്തൽ

അനുവദനീയമായിരുന്നു. വെളിപ്പെടുത്തൽ അനുവദനീയമായതിനാൽ അവയിലേക്ക് നോക്കലും അനുവദനീയമായിരുന്നു. പിന്നെ അല്ലാഹു سُبْحَانَهُوَتَعَالَىٰ പറഞ്ഞു:,

يَا أَيُّهَا النَّبِيُّ قُل لِّأَزْوَاجِكَ وَبَنَاتِكَ وَنِسَاءِ الْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِن جَلَابِيبِهِنَّ

''നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറയുക.....'' *(അഹ്സാബ്: 59)*

ഈ ആയത്ത് അവതരിപ്പിച്ചപ്പോൾ സ്ത്രീകൾ പുരുഷന്മാരുടെ അടുക്കൽ ഹിജാബ് സ്വീകരിച്ചു.''

അദ്ദേഹം വീണ്ടും പറയുന്നു:

فلما أمر الله أن لا يُسألن إلا من وراء حجاب، وأمر أزواجه وبناته ونساء المؤمنين أن يدنين عليهن من جلابيبهن، والجلباب هو الملاءة وهو الذي يسميه ابن مسعود وغيره الرداء وتسميه العامة الإزار، وهو الإزار الكبير الذي يغطي رأسها وسائر بدنها، وقد حكى أبو عُبيد وغيره أنها تدنيه من فوق رأسها فلا تظهر إلا عينها، ومن جنسه النقاب، فكن النساء ينتقبن، وفي الصحيح أن المحرمة لا تنتقب ولا تلبس القفازين، فإذا كن مأمورات بالجلباب لئلا يعرفن، وهو ستر الوجه أو ستر الوجه بالنقاب، كان الوجه واليدان من الزينة التي أُمرت ألا تظهرها للأجانب، فما بقي يحل للأجانب النظر إلى الثياب الظاهرة، فابن مسعود ذكر آخر الأمرين وابن عباس ذكر أوّل الأمرين.

''അല്ലാഹു അവരോട് മറക്ക് പിന്നിലായിക്കൊണ്ടല്ലാതെ ചോദിക്കരുത് എന്ന് കൽപ്പിക്കുകയും നബി ﷺ യുടെ ഭാര്യമാരോടും പെൺമക്കളോടും സത്യവിശ്വാസികളായ സ്ത്രീകളോടും അവരുടെ മേൽ ജിൽബാബ് താഴ്ത്തിയിടുവാൻ കൽപ്പിക്കുകയും ചെയ്തപ്പോൾ അന്യപുരുഷന്മാർക്ക് നോട്ടം അനുവദിക്കപ്പെട്ടത് പ്രകടമായ അവളുടെ വസ്ത്രത്തിലേക്ക് മാത്രമാണ്. ജിൽബാബ് എന്നാൽ ഒരു പുതപ്പാണ്. ഇബ്നു മസ്ഊദ് رَضِيَٱللَّهُعَنْهُ വും മറ്റുള്ളവരും ഇതിനെ رداء എന്നാണ് വിളിച്ചിരുന്നത്. പിന്നീട് സാധാരണക്കാർ ഇതിനെ إزار എന്ന് വിളിക്കുകയുണ്ടായി. ഇത് സ്ത്രീകൾ തങ്ങളുടെ തലയും മറ്റ് ശരീരഭാഗങ്ങൾ മുഴുവനും മറക്കാൻ ഉപയോഗിക്കുന്നതാണ്.

അബൂ ഉബൈദും മറ്റുള്ളവരും പറഞ്ഞു: അത് അവളുടെ തലയിൽ നിന്ന് താഴ്ത്തിയിടുന്നതാണ്.അപ്പോൾ അവളുടെ കണ്ണല്ലാത്തതൊന്നും പ്രകടമാവുകയില്ല. ആ ഇനത്തിൽ പെട്ടതാണ് നിഖാബ്. സ്ത്രീകൾ അന്ന് നിഖാബ് ധരിക്കാറുണ്ടായിരുന്നു. ഇഹ്റാമിൽ പ്രവേശിച്ച സ്ത്രീകൾ നിഖാബോ സോക്സോ ധരിക്കരുതെന്ന് സ്വഹീഹിൽ വന്നിട്ടുണ്ട്. അവളെ മനസ്സിലാകാതിരിക്കാനാണ് അവൾ ജിൽബാബ് കൊണ്ട് കൽപ്പിക്കപ്പെട്ടതെങ്കിൽ, അത് മുഖം മറക്കലാണ്. അല്ലെങ്കിൽ നിഖാബ് കൊണ്ട് മുഖം മറക്കലാണ്. മുഖവും മുൻകൈയ്യും അന്യപുരുഷന്മാരുടെ മുന്നിൽ വെളിവാക്കാൻ പാടില്ലാത്ത ഭംഗിയിൽ പെട്ടതാണ്. ഇബ്നു മസ്ഊദ് رَضِيَٱللَّهُعَنْهُ ആദ്യ രണ്ട് കാര്യങ്ങൾ

സൂചിപ്പിച്ചപ്പോൾ ഇബ്നു അബ്ബാസ് رَضِيَٱللَّهُعَنْهُ അവസാനത്തെ രണ്ട് കാര്യങ്ങൾ സൂചിപ്പിച്ചു.''

وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ (അവരുടെ മക്കനകൾ കുപ്പായമാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ.) എന്ന അല്ലാഹുവിന്റെ വചനം സ്ത്രീകൾ അവരുടെ മുഖമക്കന കൊണ്ട് അവരുടെ മാറിടവും മുഖവും മറക്കണം എന്ന് അറിയിക്കുന്നു. കാരണം, (മുഖമക്കന) തലയിൽ നിന്ന് മുഖം മറച്ചു കൊണ്ട് മാറിടത്തിലേക്ക് ഇടുന്നതാണ്. ഇത് കൊണ്ട് രണ്ട് കാര്യങ്ങൾ മറക്കപ്പെടുന്നു: മുഖവും മാറിടവും. മുൻപ് പരാമർശിച്ച ഇബ്നു അബ്ബാസ് رَضِيَٱللَّهُعَنْهُ വിന്റെ അഥർ ഈ കാര്യം വ്യക്തമാക്കുന്നു.

അദ്ദേഹം പറഞ്ഞു:

فيه قوله: أن يغطين وجوههن من فوق رؤوسهن بالجلابيب، ويبدين عيناً واحدة

" തലയിൽ നിന്ന് ഇടുന്ന ജിൽബാബ് കൊണ്ട് അവരുടെ മുഖം മറക്കുവാനും ഒരു കണ്ണ് മാത്രം വെളിവാക്കുവാനും."

അതോടൊപ്പം ഇബ്നു തെയ്മിയ്യ رَحِمَهُٱللَّهُ യുടെ വാക്കുകളിൽ വന്നതും അബൂ ഉബൈദും മറ്റുള്ളവരും പറഞ്ഞിട്ടുള്ളത്

وحكى أبو عُبيد وغيره أنها تدنيه من فوق رأسها فلا تظهر إلا عينها

''അത് അവളുടെ തലയിൽ നിന്ന് ഇടുന്നതാണ്. ഒരു കണ്ണ് മാത്രമല്ലാതെ വെളിവാകുകയില്ല.''

സ്വഹീഹുൽ ബുഖാരിയിൽ കാണാം. ആയിശ رَضِيَٱللَّهُعَنْهَا യിൽ നിന്ന് നിവേദനം:

قالت: يرحم الله نساء المهاجرات الأُوَل؛ لما أنزل الله *وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ* شققن مروطهن فاختمرن بها.

''മുഹാജിർ സ്ത്രീകൾക്ക് അല്ലാഹുവിന്റെ കാരുണ്യം ഉണ്ടാവട്ടെ. അവരുടെ മക്കനകൾ കുപ്പായമാറുകൾക്ക് മീതെ അവർ താഴ്ത്തിയിട്ടുകൊള്ളട്ടെ എന്ന ആയത്ത് ഇറങ്ങിയപ്പോൾ അവർ അവരുടെ വസ്ത്രം കീറി خمار ധരിച്ചു.''

സ്വഫിയ്യ ബിൻത് ശൈബ رَضِيَٱللَّهُعَنْهَا യിൽ നിന്ന് നിവേദനം :

أن عائشة كانت تقول: لما نزلت هذه الآية *وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ* أخذن أزرهن فشققنها من قِبل الحواشي فاختمرن بها.

"ആയിശ رَضِيَ ٱللَّهُ عَنْهَا പറയാറുണ്ടായിരുന്നു. ഈ ആയത്ത് അവതരിച്ചപ്പോൾ അവർ അവരുടെ അരയുടുപ്പ് എടുക്കുകയും ഒരറ്റത്ത് നിന്ന് അത് കീറി **خمار** ധരിക്കുകയും ചെയ്തു."

ഫത്ഹുൽ ബാരി എന്ന തന്റെ ശറഹിൽ ഇമാം ഇബ്നുൽ ഹജറുൽ അസ്ഖലാനി رَحِمَهُ ٱللَّهُ പറഞ്ഞു :

قوله: (فاختمرن) أي غطين وجوههن، وصفة ذلك أن تضع الخمار على رأسها وترميه من الجانب الأيمن على العاتق الأيسر وهو التقنع. : فتح الباري (490/8)

***خمار*** ധരിച്ചു എന്നാൽ അവർ അവരുടെ മുഖം മറച്ചു എന്നാണ്. തലയിൽ നിന്ന് ഇട്ട് വലതു ഭാഗത്ത് നിന്ന് ഇടത് ഭാഗത്തേക്ക് ഇടുന്നതിനാണ് ആ വിശേഷണം (**خمار**) എന്നു പറയുക.

وَلَا يُبْدِينَ زِينَتَهُنَّ إِلَّا لِبُعُولَتِهِنَّ أَوْ آبَائِهِنَّ أَوْ آبَاءِ بُعُولَتِهِنَّ أَوْ أَبْنَائِهِنَّ أَوْ أَبْنَاءِ بُعُولَتِهِنَّ أَوْ إِخْوَانِهِنَّ أَوْ بَنِي إِخْوَانِهِنَّ أَوْ بَنِي أَخَوَاتِهِنَّ أَوْ نِسَائِهِنَّ أَوْ مَا مَلَكَتْ أَيْمَانُهُنَّ أَوِ التَّابِعِينَ غَيْرِ أُولِي الْإِرْبَةِ مِنَ الرِّجَالِ أَوِ الطِّفْلِ الَّذِينَ لَمْ يَظْهَرُوا عَلَىٰ عَوْرَاتِ النِّسَاءِ

"...അവരുടെ ഭർത്താക്കൻമാർ, അവരുടെ പിതാക്കൾ, അവരുടെ ഭർതൃപിതാക്കൾ, അവരുടെ പുത്രൻമാർ, അവരുടെ ഭർതൃപുത്രൻമാർ, അവരുടെ സഹോദരൻമാർ, അവരുടെ സഹോദരപുത്രൻമാർ, അവരുടെ സഹോദരീ പുത്രൻമാർ, അവരിൽപ്പെട്ട സ്ത്രീകൾ, അവരുടെ വലംകൈകൾ ഉടമപ്പെടുത്തിയവർ (അടിമകൾ), ലൈംഗികാസക്തി ഉള്ളവരല്ലാത്ത പുരുഷൻമാരായ പരിചാരകർ, സ്ത്രീകളുടെ രഹസ്യങ്ങൾ മനസ്സിലാക്കിയിട്ടില്ലാത്ത കുട്ടികൾ എന്നിവരൊഴിച്ച് മറ്റാർക്കും തങ്ങളുടെ ഭംഗി അവർ വെളിപ്പെടുത്തരുത്.." എന്ന വചനവും അറിയിക്കുന്നത് പ്രതിപാദിക്കപ്പെട്ടവർക്ക് മുന്നിൽ മാത്രം വെളിവാക്കൽ അനുവദനീയമായ ഭംഗി തന്നെയാണ് കൽപ്പിക്കപ്പെട്ടവർക്ക് മുമ്പിൽ മറക്കേണ്ടതെന്നാണ്.

അല്ലാഹു പറഞ്ഞു *:وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ* ഒഴിവാക്കപ്പെട്ടവർ മഹ്‌റമുകളിൽപെട്ട 8 പേരും മഹ്‌റമല്ലാത്ത 3 പേരുമാണ്. അവരുടെ മുമ്പിൽ ഹിജാബ് സ്വീകരിക്കേണ്ടത് നിർണ്ണിത സമയമാണ്. (മഹ്‌റമല്ലാത്ത 3 പേരുടെ മുമ്പിൽ) വലത് കൈ ഉടമപ്പെടുത്തിയവരുടെ ഉടമസ്ഥതയുള്ള കാലയളവ്, ലൈംഗികാസക്തി ഇല്ലാത്തവർക്ക് അവരുടെ ആ അവസ്ഥ നില നില്ക്കുന്ന കാലയളവ് സ്ത്രീകളുടെ ഔറത്ത് മനസ്സിലാകാത്ത കുട്ടികളായിരിക്കുന്ന കാലയളവ് എന്നിവയാണത്.

ഈ ഉടമസ്ഥതയും സ്ത്രീകളുടെ സൗന്ദര്യം മനസ്സിലാക്കാൻ സാധിക്കാത്ത പ്രായവും ലൈംഗിക വികാരമില്ലാത്ത അവസ്ഥയും നീങ്ങിപ്പോയാൽ അവരുടെ മുന്നിലും മറ്റുള്ളവരുടെ മുമ്പിലുള്ളത് പോലെ ഹിജാബ് ധരിക്കേണ്ടതാണ്. ഔറത്ത് മനസ്സിലാകാത്ത

കുട്ടികൾക്കും ലൈംഗിക വികാരമില്ലാത്ത പുരുഷന്മാർക്കും മുമ്പിൽ ഭംഗി വെളിവാക്കാം എന്നത് അതല്ലാത്ത പുരുഷന്മാരുടെയും കുട്ടികളുടെയും മുന്നിൽ ഹിജാബ് ധരിക്കണം എന്നറിയിക്കുന്നുണ്ട്.

وَلَا يَضْرِبْنَ بِأَرْجُلِهِنَّ لِيُعْلَمَ مَا يُخْفِينَ مِن زِينَتِهِنَّ

(തങ്ങൾ മറച്ചുവെക്കുന്ന തങ്ങളുടെ അലങ്കാരം അറിയപ്പെടുവാൻ വേണ്ടി അവർ കാലിട്ടടിക്കുകയും ചെയ്യരുത്)

ഈ ആയത്തിൽ അലങ്കാരം പ്രകടമാക്കാൻ വേണ്ടി കാലിൽ പാദസരം അണിഞ്ഞ് മറഞ്ഞ സൗന്ദര്യത്തെ പ്രകടിപ്പിക്കുന്നതിനെ തടയലുണ്ട്. അതിനേക്കാൾ പ്രാധാന്യമുള്ളതാണ് മുഖം മറക്കൽ എന്നത് നമുക്കറിയുന്ന കാര്യമാണ്. കാരണം അതാണ് ഭംഗിയുടെയും അലങ്കാരത്തിന്റെയും സ്ഥാനവും സുന്ദരിയെയും വിരൂപിയെയും വേർതിരിക്കുന്നതും. നേരത്തെ പറഞ്ഞത് പോലെ ഈ രണ്ട് ആയത്തുകളിൽ തന്നെ അഞ്ച് രൂപത്തിൽ സ്ത്രീകൾ മുഖം മറക്കൽ നിർബന്ധമാണ് എന്നതിന് തെളിവുകളുണ്ട്. 'ഹിജാബ്' എന്ന രിസാലയിൽ ശൈഖ് ഉഥൈമീൻ رَحِمَهُ ٱللَّهُ ഈ കാര്യം വ്യക്തമാക്കുന്നുണ്ട്.

**2.** അല്ലാഹു പറഞ്ഞു:

وَإِذَا سَأَلْتُمُوهُنَّ مَتَاعًا فَاسْأَلُوهُنَّ مِن وَرَاءِ حِجَابٍ ذَٰلِكُمْ أَطْهَرُ لِقُلُوبِكُمْ وَقُلُوبِهِنَّ

"നിങ്ങൾ അവരോട് (നബിയുടെ ഭാര്യമാരോട്) വല്ല സാധനവും ചോദിക്കുകയാണെങ്കിൽ നിങ്ങളവരോട് മറയുടെ പിന്നിൽ നിന്ന് ചോദിച്ചുകൊള്ളുക. അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ സംശുദ്ധമായിട്ടുള്ളത്."

*(സൂറ: അഹ്സാബ്:53)*

ഈ ആയത്ത് അന്യപുരുഷന്മാരുടെ മുമ്പിൽ നബി ﷺ യുടെ ഭാര്യമാർ മുഖം മറക്കണം എന്നറിയിക്കുന്നുണ്ട്. അത് അവർക്ക് (നബി ﷺ യുടെ ഭാര്യമാർക്ക്) മാത്രം പ്രത്യേകമായതല്ല. കാരണം ذَٰلِكُمْ أَطْهَرُ لِقُلُوبِكُمْ وَقُلُوبِهِنَّ (*അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ സംശുദ്ധമായിട്ടുള്ളത്*) എന്നതിലുള്ള സൂചന, അവർക്ക് അല്ലാഹു ശറഫും ഉന്നതസ്ഥാനവും പരിശുദ്ധതയും ചാരിത്ര്യവും നൽകിയിരിക്കെ അവരല്ലാത്തവരാണ് തങ്ങളുടെ മേൽ ഫിത്നയെ ഭയപ്പെടുന്നുവെന്നതിനാൽ ഹിജാബ് ധരിക്കാൻ കൂടുതൽ ആവശ്യമുള്ളത്എന്നാണ്.

ശൈഖ് സഫിയുറഹ്മാൻ മുബാറക്പൂരി رَحِمَهُ ٱللَّهُ തന്റെ

إبراز الحق والصواب في مسألة السفور والحجاب (ص:20) എന്ന രിസാലയിൽ പറയുന്നു:

ഈ ആയത്തിൽ രണ്ട് സ്ഥലങ്ങളിൽ വന്ന സ്ത്രീലിംഗ ബഹുവചനത്തിന്റെ ضمير ഉമ്മഹാത്തുൽ മുഅ്മിനിനെയാണ് സൂചിപ്പിക്കുന്നത് എന്ന കാര്യത്തിൽ സംശയമില്ല. പക്ഷെ, അത് ഹിജാബ് അവർക്ക് മാത്രമാണ് എന്നല്ല. പ്രതിപാദ്യത്തിലെ പ്രത്യേകമാക്കൽ ഹുക്മിൽ ബാധകമാവണമെന്നില്ല. ضمير അവരിലേക്ക് മടങ്ങാനുള്ള കാരണം ആ സന്ദർഭത്തിൽ അവരെപ്പറ്റിയാണ് സംസാരിക്കുന്നത് എന്നതാണ്. അവർ തന്നെയാണ് ജീവിതത്തിന്റെ എല്ലാ മേഖലയിലും മുസ്‌ലിം സ്ത്രീകൾക്ക് മാതൃക. അത് പ്രത്യേകമായി പറഞ്ഞതല്ല എന്നതിന് പല രൂപത്തിൽ തെളിവുകളുണ്ട്.

**ഒന്ന്:** ശരീഅത്തിന്റെ അടിസ്ഥാനങ്ങളിൽ അംഗീകരിക്കപ്പെട്ടതാണ് ഒരാളെ അഭിസംബോധന ചെയ്യുന്നതിന്റെ ഹുക്മ് സമൂഹത്തിന് മൊത്തത്തിൽ ബാധകമായിരിക്കും എന്നത്; അത് അഭിസംബോധന ചെയ്യപ്പെട്ടവർക്ക് പ്രത്യേകമാണ് എന്ന് തെളിവ് ഇല്ലാത്തിടത്തോളം. നിങ്ങൾക്കറിയാവുന്നത് പോലെ ഹിജാബ് ഉമ്മഹാത്തുൽ മുഅ്മിന് മാത്രമാണ് എന്നതിന് ഒരു തെളിവും ഇല്ല.

**രണ്ട്:** പ്രതിപാദ്യം പ്രത്യേകമായാണെങ്കിലും ആയത്തിന്റെ സന്ദർഭം മൊത്തത്തിലാണ്. കാരണം അല്ലാഹുവിന്റെ വചനം:

لَا تَدْخُلُوا بُيُوتَ النَّبِيِّ إِلَّا أَن يُؤْذَنَ لَكُمْ

“ഭക്ഷണത്തിന് ( നിങ്ങളെ ക്ഷണിക്കുകയും ) നിങ്ങൾക്ക് സമ്മതം കിട്ടുകയും ചെയ്താലല്ലാതെ നബിയുടെ വീടുകളിൽ നിങ്ങൾ കടന്നു ചെല്ലരുത്.” (സൂറ: അഹ്സാബ്:53)

എന്ന ആയത്തിന്റെ അർത്ഥം നബി ﷺ അല്ലാത്തവരുടെ വീട്ടിൽ അനുവാദമില്ലാതെ പ്രവേശിക്കാം എന്നല്ല. അത് പോലെത്തന്നെ,

إِلَىٰ طَعَامٍ غَيْرَ نَاظِرِينَ إِنَاهُ وَلَٰكِنْ إِذَا دُعِيتُمْ فَادْخُلُوا فَإِذَا طَعِمْتُمْ فَانتَشِرُوا وَلَا مُسْتَأْنِسِينَ لِحَدِيثٍ

“അത് (ഭക്ഷണം) പാകമാകുന്നത് നിങ്ങൾ നോക്കിയിരിക്കുന്നവരാകരുത്. പക്ഷെ നിങ്ങൾ ക്ഷണിക്കപ്പെട്ടാൽ നിങ്ങൾ കടന്ന് ചെല്ലുക. നിങ്ങൾ ഭക്ഷണം കഴിച്ചാൽ പിരിഞ്ഞു പോകുകയും ചെയ്യുക. നിങ്ങൾ വർത്തമാനം പറഞ്ഞ് രസിച്ചിരിക്കുന്നവരാവുകയും അരുത്.” (സൂറ: അഹ്സാബ്:53)

എന്നതിന്റെ അർത്ഥം ഈ മര്യാദകളൊന്നും തന്നെ നബി ﷺ യുടെ അടുക്കലല്ലാതെ പരിഗണിക്കേണ്ടതില്ല എന്നല്ല. ആയത്തിന്റെ സന്ദർഭം പൊതുവാണെന്നിരിക്കെ ഈ ആയത്തിലെ മര്യാദകളെല്ലാം പൊതുവാണെന്നതിനെ നിരസിച്ച്, ഒരു തെളിവുമില്ലാതെ അത് നബി ﷺ യുടെ ഭാര്യമാർക്ക് മാത്രമുള്ളതാണെന്ന് എങ്ങനെ പറയാൻ സാധിക്കും?

ഈ ആയത്തിൽ നബി ﷺ യെ പരാമർശിച്ചത് അദ്ദേഹമാണ് ഈ ആയത്തിന്റെ അവതരണത്തിന് കാരണം എന്നത് കൊണ്ടും മുസ്‌ലിംകൾക്ക് മാതൃക എന്നത് കൊണ്ടുമാണ്. ആ മര്യാദകൾ നബി ﷺ ക്ക് മാത്രം പ്രത്യേകമാണെന്നത് കൊണ്ടല്ല.

**മൂന്ന്**: അല്ലാഹു ഹിജാബിന്റെ ഹിക്മത്തും കാരണവും വ്യക്തമാക്കി. അല്ലാഹു പറഞ്ഞു:

ذَٰلِكُمْ أَطْهَرُ لِقُلُوبِكُمْ وَقُلُوبِهِنَّ

(അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ സംശുദ്ധമായിട്ടുള്ളത്.) ഈ ആയത്തിൽ ഹിജാബിനു വേണ്ടി പറഞ്ഞ കാരണം പൊതുവാണ്. കാരണം നബി ﷺ യുടെ ഭാര്യമാരല്ലാത്തവർക്കും മറ്റു പുരുഷന്മാർക്കും മനസംശുദ്ധത ആവശ്യമില്ല എന്ന് ഒരു മുസ്‌ലിമും പറയുകയില്ല. ഹിജാബിന്റെ കാരണവും യുക്തിയും പൊതുവായതിനാൽ അതിന്റെ ഹുക്മും എല്ലാ മുസ്‌ലിം സ്ത്രീകൾക്കും പൊതുവാണ്.

**നാല്**: മുൻഗണനാ തെളിവ്. സത്യവിശ്വാസിനികളിൽ വെച്ച് ഏറ്റവും പരിശുദ്ധ മനസ്സുകളുടെ ഉടമകളാണ് ഉമ്മഹാത്തുൽ മുഅ്മിനിൻ അതോടൊപ്പം മനസ്സിന്റെ പൂർണ്ണ ശുദ്ധീകരണം എന്ന ആവശ്യാർത്ഥം അവരോട് ഹിജാബ് കൊണ്ട് കൽപ്പിച്ചിരിക്കുന്നു. അപ്പോൾ മറ്റു സ്ത്രീകൾക്കാണ് അവരേക്കാൾ മുൻഗണന നൽകേണ്ടത്.

**അഞ്ച്**: ജിൽബാബ് താഴ്ത്തിയിടാൻ പറയുന്ന ആയത്ത് ഹിജാബിന്റെ ആയത്തിന്റെ പൂർത്തീകരണമാണ്. ആ ആയത്ത് സത്യവിശ്വാസിനികളായ സ്ത്രീകൾക്ക് പൊതുവായുള്ളതാണ്. അപ്പോൾ ഹിജാബിന്റെ ആയത്തും അങ്ങിനെ ആയിരിക്കൽ അനിവാര്യമാണ്. കാരണം ഖുർആനിലെ സമാനമായ ആയത്തുകൾ പരസ്പരം വിശദീകരിക്കുന്നുണ്ടല്ലോ.

**ആറ്**: ഈ ആയത്ത് അവതരിച്ചതിന് ശേഷം ഉമ്മഹാത്തുൽ മുഅ്മിനീൻ ഹിജാബ് ധരിച്ചത് പോലെ മറ്റു സ്വഹാബാ വനിതകളും ധരിച്ചിട്ടുണ്ട്.

**3.** അല്ലാഹു പറഞ്ഞു:

لَّا جُنَاحَ عَلَيْهِنَّ فِي آبَائِهِنَّ وَلَا أَبْنَائِهِنَّ وَلَا إِخْوَانِهِنَّ وَلَا أَبْنَاءِ إِخْوَانِهِنَّ وَلَا أَبْنَاءِ أَخَوَاتِهِنَّ وَلَا نِسَائِهِنَّ وَلَا مَا مَلَكَتْ أَيْمَانُهُنَّ

"ആ സ്ത്രീകൾക്ക് തങ്ങളുടെ പിതാക്കളുമായോ, പുത്രൻമാരുമായോ, സഹോദരൻമാരുമായോ, സഹോദരപുത്രൻമാരുമായോ, സഹോദരീ പുത്രൻമാരുമായോ, തങ്ങളുടെ കൂട്ടത്തിൽപെട്ട സ്ത്രീകളുമായോ, തങ്ങളുടെ വലതുകൈകൾ ഉടമപ്പെടുത്തിയവരുമായോ ഇടപഴകുന്നതിന് വിരോധമില്ല." (സൂറ: അഹ്സാബ്:55)

ഈ ആയത്തിൽ ഹിജാബിന് തെളിവുണ്ട്. ഇബ്നു കഥീർ رَحِمَهُ ٱللَّهُ പറഞ്ഞു:

لما أمر تعالى النساء بالحجاب من الأجانب بيَّن أن هؤلاء الأقارب لا يجب الاحتجاب منهم

"അല്ലാഹു തആലാ സ്ത്രീകൾക്ക് അന്യപുരുഷന്മാരുടെ മുമ്പിൽ ഹിജാബ് കൊണ്ട് കൽപ്പിച്ചപ്പോൾ ഈ ബന്ധുക്കളുടെ അടുക്കൽ ഹിജാബ് നിർബന്ധമില്ല എന്ന് വ്യക്തമാക്കി."

**4.** അല്ലാഹു പറഞ്ഞു:

يَا أَيُّهَا النَّبِيُّ قُل لِّأَزْوَاجِكَ وَبَنَاتِكَ وَنِسَاءِ الْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِن جَلَابِيبِهِنَّ ذَٰلِكَ أَدْنَىٰ أَن يُعْرَفْنَ فَلَا يُؤْذَيْنَ وَكَانَ اللَّهُ غَفُورًا رَّحِيمًا

"നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറയുക: അവർ തിരിച്ചറിയപ്പെടുവാനും, അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു."(സൂറ അഹ്സാബ്:59)

നബി ﷺ യുടെ ഭാര്യമാർക്ക് മാത്രമല്ല, മുസ്‌ലിം സ്ത്രീകൾക്ക് മൊത്തത്തിൽ ഹിജാബ് നിർബന്ധമാണ് എന്ന് ഈ ആയത്തിൽ അറിയിക്കുന്നു. കാരണം അല്ലാഹു ഈ ആയത്തിൽ നബി ﷺ യുടെ ഭാര്യമാരോടൊപ്പം മക്കളെയും സത്യവിശ്വാസിനികളായ സ്ത്രീകളെയും ചേർത്ത് പറഞ്ഞു. ജിൽബാബ് എന്നതിന്റെ വിശദീകരണത്തെക്കുറിച്ച് ഇബ്നു തെയ്മിയ്യയുടെ رَحِمَهُ ٱللَّهُ വാക്കുകളിൽ മുൻപ് പ്രതിപാദിച്ചിട്ടുണ്ട്.

ഇബ്നു അബ്ബാസ് رَضِيَ ٱللَّهُ عَنْهُ വിൽ നിന്ന് ഇബ്നു കഥീർ رَحِمَهُ ٱللَّهُ തന്റെ തഫ്സീറിൽ ഉദ്ധരിക്കുന്നു:

أمر الله نساء المؤمنات إذا خرجن من بيوتهن في حاجة أن يغطين وجوههن من فوق رؤوسهن بالجلابيب، ويبدين عيناً واحدة

" സത്യവിശ്വാസികളായ സ്ത്രീകൾ വല്ല ആവശ്യത്തിനും തങ്ങളുടെ വീടുകളിൽ നിന്ന് പുറത്തിറങ്ങുമ്പോൾ ജിൽബാബ് കൊണ്ട് തലയിലൂടെ മുഖം മറക്കുവാൻ അല്ലാഹു കൽപ്പിച്ചു. അവർ ഒരു കണ്ണ് വെളിവാക്കട്ടെ."

حكم السفور والحجابഎന്ന രിസാലയിൽ ശൈഖ് ഇബ്നു ബാസ് رَحِمَهُ ٱللَّهُ പറഞ്ഞു:

في رسالة حكم السفور والحجاب (ص:51): ((أمر الله سبحانه جميع نساء المؤمنين بإدناء جلابيبهن على محاسنهن من الشعور والوجه وغير ذلك حتى يعرفن بالعفة، فلا يفتتن ولا يفتن غيرهن فيؤذيهن

"അല്ലാഹു തആല സത്യവിശ്വാസികളായ എല്ലാ സ്ത്രീകളോടും അവരുടെ പാതിവ്രത്യം അറിയപ്പെടാൻ വേണ്ടി അവരുടെ സൗന്ദര്യഭാഗങ്ങളായ മുടിയും മുഖവും മറ്റു ഭാഗങ്ങളും ജിൽബാബ് കൊണ്ട് മറക്കുവാൻ കൽപ്പിച്ചിരിക്കുന്നു. അവർ ഫിത്നയിൽ അകപ്പെടാതിരിക്കാനും മറ്റുള്ളവരാൽ ഉപദ്രവിക്കപ്പെടാതിരിക്കാനും വേണ്ടിയാണത്."

الشيخ محمد الأمين الشنقيطي رحمه الله ൽ أضواء البيان പറഞ്ഞു:

الشيخ محمد الأمين الشنقيطي رحمه الله في أضواء البيان (645/6): ((ومن الأدلة القرآنية على احتجاب المرأة وسترها جميع بدنها حتى وجهها قوله تعالى:يَا أَيُّهَا النَّبِيُّ قُل لِّأَزْوَاجِكَ وَبَنَاتِكَ وَنِسَاءِ الْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِن جَلَابِيبِهِنَّ ذَٰلِكَ أَدْنَىٰ أَن يُعْرَفْنَ فَلَا يُؤْذَيْنَ وَكَانَ اللَّهُ غَفُورًا رَّحِيمًا

"സ്ത്രീ ഹിജാബിനും അവൾ തന്റെ മുഖവും മുഴുവൻ ശരീരവും മറക്കണമെന്നതിനുമുള്ള ഖുർആനിന്റെ തെളിവാണ്,

يَا أَيُّهَا النَّبِيُّ قُل لِّأَزْوَاجِكَ وَبَنَاتِكَ وَنِسَاءِ الْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِن جَلَابِيبِهِنَّ ذَٰلِكَ أَدْنَىٰ أَن يُعْرَفْنَ فَلَا يُؤْذَيْنَ وَكَانَ اللَّهُ غَفُورًا رَّحِيمًا

"നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെമേൽ താഴ്ത്തിയിടാൻ പറയുക: അവർ തിരിച്ചറിയപ്പെടുവാനും, അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു." (സൂറ അഹ്സാബ്:59) എന്ന അല്ലാഹുവിന്റെ വചനം.

അഹ്ലുൽ ഇൽമിൽ പെട്ട മറ്റൊരാൾ പറഞ്ഞു:

يَا أَيُّهَا النَّبِيُّ قُل لِّأَزْوَاجِكَ وَبَنَاتِكَ وَنِسَاءِ الْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِن جَلَابِيبِهِنَّ എന്നതിന്റെ അർത്ഥം അവർ തങ്ങളുടെ മുഖം മുഴുവൻ മറക്കുവാനും അവൾക്ക് കാണുവാനായി ഒരു കണ്ണ് മാത്രം വെളിവാക്കുവാനുമാണ്.

ഇബ്നു മസ്ഊദും رَضِيَ ٱللَّهُ عَنْهُ ഇബ്നു അബ്ബാസും رَضِيَ ٱللَّهُ عَنْهُ ഉബൈദത്തുസ്സുലയ്മാനിയും മറ്റുള്ളവരും ഇങ്ങനെ പറഞ്ഞിട്ടുണ്ട്. അദ്ദേഹം പറഞ്ഞു:

يَا أَيُّهَا النَّبِيُّ قُل لِّأَزْوَاجِكَ وَبَنَاتِكَ وَنِسَاءِ الْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِن جَلَابِيبِهِنَّ

എന്ന അല്ലാഹുവിന്റെ വചനത്തിന്റെ ആശയത്തിൽ ജിൽബാബ് കൊണ്ട് മുഖം മറക്കുക എന്നതും ഉൾക്കൊള്ളുന്നുണ്ട് എന്നതിന് വ്യക്തമായ കൂട്ടിച്ചേർക്കൽ വന്നിട്ടുണ്ട്.

മേൽ പറഞ്ഞ കൂട്ടിച്ചേർക്കൽ എന്നത് قُل لِّأَزْوَاجِكَ (നബിയേ താങ്കളുടെ ഭാര്യമാരോട് പറയുക) എന്ന അല്ലാഹുവിന്റെ വചനമാണ്. അവർക്ക് മുഖം മറക്കലും ഹിജാബ് ധരിക്കലും നിർബന്ധമാണ് എന്നത് മുസ്ലിംകൾക്കിടയിൽ തർക്കമില്ലാത്ത വിഷയമാണ്. സത്യവിശ്വാസികളായ സ്ത്രീകളെയും നബി ﷺ യുടെ മക്കളെയും അവരോടൊപ്പം ചേർത്ത് പറഞ്ഞത് ജിൽബാബ് കൊണ്ട് മുഖം മറക്കൽ അവർക്കും നിർബന്ധമാണ് എന്നറിയിക്കുന്നു.

**5.** അല്ലാഹു പറഞ്ഞു:

وَالْقَوَاعِدُ مِنَ النِّسَاءِ اللَّاتِي لَا يَرْجُونَ نِكَاحًا فَلَيْسَ عَلَيْهِنَّ جُنَاحٌ أَن يَضَعْنَ ثِيَابَهُنَّ غَيْرَ مُتَبَرِّجَاتٍ بِزِينَةٍ وَأَن يَسْتَعْفِفْنَ خَيْرٌ لَّهُنَّ

“വിവാഹ ജീവിതം പ്രതീക്ഷിക്കാത്ത കിഴവികളെ സംബന്ധിച്ചടത്തോളം സൗന്ദര്യം പ്രദർശിപ്പിക്കാത്തവരായിക്കൊണ്ട് തങ്ങളുടെ മേൽവസ്ത്രങ്ങൾ മാറ്റി വെക്കുന്നതിൽ അവർക്ക് കുറ്റമില്ല. അവർ മാന്യത കാത്തുസൂക്ഷിക്കുന്നതാണ് അവർക്ക് കൂടുതൽ നല്ലത്.” (സൂറ: അന്നൂർ: 60)

അന്യപുരുഷന്മാരുടെ മുമ്പിൽ ഹിജാബ് ധരിക്കണമെന്ന് ഈ ആയത്തും അറിയിക്കുന്നു. കാരണം വാർദ്ധക്യം കാരണം ഇനി വിവാഹം ആഗ്രഹിക്കാത്ത വൃദ്ധസ്ത്രീകൾക്കുള്ള ഇളവ് ഇതിൽ ഉൾക്കൊള്ളുന്നു. തന്റെ മുഖത്തിന്റെയോ വസ്ത്രത്തിന്റെയോ സൗന്ദര്യം പ്രകടമാക്കില്ല എന്ന നിബന്ധനയോടു കൂടി അവർക്ക് തങ്ങളുടെ വീട്ടു വസ്ത്രങ്ങൾക്കും ഖിമാറിനും മേൽ പുറമേ ഒരു വസ്ത്രം ധരിച്ചാൽ മതി. അതോടൊപ്പം തന്നെ അവർക്കും ഇളവ് നൽകപ്പെട്ട ആ വസ്ത്രത്തിന് മുൻഗണന നൽകാനാണ് നിർദ്ധേശിക്കപ്പെട്ടിട്ടുള്ളത്. അത് അവർക്ക് പുറമെയുള്ള സ്ത്രീകളുടെ മേൽ ഹിജാബ് നിർബന്ധമാണ് എന്നറിയിക്കുന്നു.

**6.** അല്ലാഹു പറഞ്ഞു:

يَا نِسَاءَ النَّبِيِّ لَسْتُنَّ كَأَحَدٍ مِّنَ النِّسَاءِ إِنِ اتَّقَيْتُنَّ فَلَا تَخْضَعْنَ بِالْقَوْلِ فَيَطْمَعَ الَّذِي فِي قَلْبِهِ مَرَضٌ وَقُلْنَ قَوْلًا مَّعْرُوفًا ( 32 ) وَقَرْنَ فِي بُيُوتِكُنَّ وَلَا تَبَرَّجْنَ تَبَرُّجَ الْجَاهِلِيَّةِ الْأُولَىٰ وَأَقِمْنَ الصَّلَاةَ وَآتِينَ الزَّكَاةَ وَأَطِعْنَ اللَّهَ وَرَسُولَهُ إِنَّمَا يُرِيدُ اللَّهُ لِيُذْهِبَ عَنكُمُ الرِّجْسَ أَهْلَ الْبَيْتِ وَيُطَهِّرَكُمْ تَطْهِيرًا

“പ്രവാചക പത്നിമാരേ, സ്ത്രീകളിൽ മറ്റു ആരെപ്പോലെയുമല്ല നിങ്ങൾ. നിങ്ങൾ ധർമ്മനിഷ്ഠപാലിക്കുന്നുവെങ്കിൽ നിങ്ങൾ (അന്യരോട്) അനുനയ സ്വരത്തിൽ സംസാരിക്കരുത്. അപ്പോൾ ഹൃദയത്തിൽ രോഗമുള്ളവന് മോഹം തോന്നിയേക്കും. ന്യായമായ വാക്ക് നിങ്ങൾ പറഞ്ഞുകൊള്ളുക, നിങ്ങൾ നിങ്ങളുടെ വീടുകളിൽ അടങ്ങിക്കഴിയുകയും ചെയ്യുക. പഴയ അജ്ഞാനകാലത്തെ സൗന്ദര്യപ്രകടനം പോലുള്ള സൗന്ദര്യപ്രകടനം നിങ്ങൾ നടത്തരുത്. നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുക. (പ്രവാചകന്റെ) വീട്ടുകാരേ! നിങ്ങളിൽ നിന്ന് മാലിന്യം നീക്കികളയുവാനും, നിങ്ങളെ ശരിയായി ശുദ്ധീകരിക്കുവാനും മാത്രമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്.” (സൂറ: അഹ്സാബ് :32,33)

ഈ ആയത്തിന്റെ ആദ്യത്തിൽ സ്ത്രീകൾ കൊഞ്ചിക്കുഴഞ്ഞുള്ള സംസാരത്തെ നിരോധിച്ചു. അത് മനസ്സിൽ രോഗമുള്ളവർക്ക് ആഗ്രഹങ്ങളുണ്ടാക്കുന്നതിനാൽ. ഈ ആയത്തിലെ മനസ്സിലെ രോഗം എന്നത് ദേഹേച്ഛകളുടെ രോഗമാണ്. എന്നാൽ,

“അവരുടെ മനസ്സുകളിൽ ഒരുതരം രോഗമുണ്ട്. തന്നിമിത്തം അല്ലാഹു അവർക്ക് രോഗം വർദ്ധിപ്പിക്കുകയും ചെയ്തു” (സൂറ:അൽ ബഖറ:10) എന്ന വചനത്തിലെ രോഗം ശുബുഹത്തിന്റെ രോഗമാണ്.

രണ്ടാമത്തെ ആയത്തിൽ വീട്ടിൽ അടങ്ങിക്കൂടാനുള്ള കൽപനയും ജാഹിലിയ്യത്തിലെ പോലെയുള്ള പുറത്തിറങ്ങലിൽ നിന്നുള്ള നിരോധനവും ഉണ്ട്. ഈ രണ്ട് ആയത്തുകളിൽ അടങ്ങിയിട്ടുള്ള കൽപനകളും നിരോധനങ്ങളും നബി ﷺ യുടെ ഭാര്യമാരെയും അല്ലാത്തവരെയും ഉൾക്കൊള്ളുന്നതാണ്. രണ്ടാമത്തെ ആയത്തിൽ

وَأَقِمْنَ الصَّلَاةَ وَآتِينَ الزَّكَاةَ وَأَطِعْنَ اللَّهَ وَرَسُولَهُ

(നിങ്ങൾ നമസ്കാരം മുറപോലെ നിർവഹിക്കുകയും, സകാത്ത് നൽകുകയും അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുക.) എന്ന് വന്നത് അത് കൊണ്ടാണ്. ഇതിലുള്ള കാര്യം എല്ലാ സത്യവിശ്വാസിനികളായ സ്ത്രീകൾക്കും ആവശ്യമായ കൽപനയാണ്.

അബൂ ഉബൈദ മുഅ്മർ ബിൻ മുസന്നാ رَضِوَٱللَّهُعَنْهُ യിൽ നിന്ന് ബുഖാരി رَحِمَهُٱللَّهُ തന്റെ സ്വഹീഹിൽ പറഞ്ഞു:

قال البخاري في صحيحه (519/8، فتح الباري) نقلا عن أبي عبيدة معمر بن المثنى: التبرج أن تخرج محاسنها

" തബറുജ് എന്നാൽ അവളുടെ ഭംഗി പുറത്ത് കാണിക്കലാണ്."

القاموس المحيط ൽ ഫൈറൂസാബാദി പറഞ്ഞു :

وقال الفيروزآبادي في القاموس المحيط: ((تبرجت: أظهرت زينتها للرجال)).

"തബറജത് :അവൾ തന്റെ ഭംഗി പുരുഷന്മാർക്ക് പ്രകടിപ്പിച്ചു."

********

# الأدلة من السّنّة فمنـها:

## സുന്നത്തിൽ നിന്നുള്ള തെളിവുകൾ

**1.** അബ്ദുള്ളാഹിബ്നു അംറ് رَضِيَ ٱللَّهُ عَنْهُ വിൽ നിന്ന് നിവേദനം :

حديث عبد الله بن عمر رَضِيَ ٱللَّهُ عَنْهُ قال: قال رسول الله ﷺ: من جرَّ ثوبه خيلاء لم ينظر الله إليه يوم القيامة، فقالت أم سلمة: فكيف يصنعن النساء بذيولهن؟ قال: يرخين شبراً، فقالت: إذاً تنكشف أقدامهن! قال: فيرخينه ذراعاً لا يزدن عليه، رواه أهل السنن وغيرهم، وقال الترمذي (1731): هذا حديث حسن صحيح

“നബി ﷺ പറഞ്ഞു: അഹങ്കാരത്തോടു കൂടി ആരെങ്കിലും തന്റെ വസ്ത്രം നിലത്തിഴച്ചാൽ ഖിയാമത്ത് നാളിൽ അല്ലാഹു അവനെ നോക്കുകയില്ല. അപ്പോൾ ഉമ്മു സലമ رَضِيَ ٱللَّهُ عَنْهَا പറഞ്ഞു: അപ്പോൾ സ്ത്രീകൾ എങ്ങനെ? അദ്ദേഹം ﷺ പറഞ്ഞു: അവർ ഒരു ചാൺ താഴ്ത്തിയിടട്ടെ, അപ്പോൾ അവർ ചോദിച്ചു: അവളുടെ കാലുകൾ വെളിവായാലോ? നബി ﷺ പറഞ്ഞു: അപ്പോൾ ഒരു മുഴം താഴ്ത്തിയടട്ടെ. അതിൽ കൂടുതൽ വർദ്ധിപ്പിക്കരുത്.”

അഹ്‌ലുസ്സുനനും അല്ലാത്തവരും ഇത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തിർമിദി പറഞ്ഞു: ഇത് ഹസനും സ്വഹീഹുമായ ഹദീഥാണ്. സ്ത്രീകൾ തങ്ങളുടെ പാദങ്ങൾ മറക്കണമെന്ന ശരീഅത്തിന്റെ നിലപാട് അവർ മുഖം മറക്കൽ നിർബന്ധമാണെന്നതിനുള്ള വ്യക്തമായ തെളിവാണ്. കാരണം അത് സ്ത്രീ സൗന്ദര്യത്തിന്റെയും ഫിത്നയുടെയും സ്ഥാനമാണ്. അത് മറക്കലാണ് പാദങ്ങൾ മറക്കുന്നതിനേക്കാൾ ആദ്യം വേണ്ടത്.

**2.** അബ്ദുള്ളാഹിബ്നു മസ്ഊദ് رَضِيَ ٱللَّهُ عَنْهُ വിൽ നിന്ന് :

حديث عبد الله بن مسعود رَضِيَ ٱللَّهُ عَنْهُ عن النبي ﷺ قال: المرأة عورة، فإذا خرجت استشرفها الشيطان . رواه الترمذي (1173) وقال: هذا حديث حسن صحيح غريب

“നബി ﷺ പറഞ്ഞു : സ്ത്രീ ഔറത്താണ്. അവൾ പുറത്തിറങ്ങിയാൽ പിശാചിന് അവളിൽ ഒരുപാട് പ്രതീക്ഷകൾ ഉണ്ടാകുന്നു.”

തിർമിദി പറഞ്ഞു: ഇത് ഹസനും സ്വഹീഹും ഗരീബുമായ ഹദീഥാണ്.

تحفة الأحوذي എന്ന ശറഹിൽ മുബാറക്പൂരി പറഞ്ഞു:

قال المباركفوري في شرحه تحفة الأحوذي (283/4): والمعنى أن المرأة يُستقبح بروزها وظهورها، فإذا خرجت أمعن النظر إليها ليغويها بغيرها ويغوي غيرها بها ليوقعهما أو أحدهما في الفتنة

“അതിന്റെ അർത്ഥം സ്ത്രീ പുറത്ത് പോകുന്നതും വെളിവാകുന്നതും വെറുക്കപ്പെട്ടതാണ് എന്നാണ്. അവൾ പുറത്തിറങ്ങിയാൽ മറ്റുള്ളവർ കാരണം അവൾ പിഴക്കുകയോ അവൾ കാരണം മറ്റുള്ളവർ പിഴക്കുകയോ രണ്ട് പേരോ രണ്ടിൽ ഒരാളോ ഫിത്നയിൽ പതിക്കുകയോ ചെയ്യാനുള്ള നോട്ടങ്ങൾ അവളുടെ മേൽ ഉണ്ടാകും.”

الشنقيطي رحمه الله أضواء البيان എന്ന തഫ്സീറിൽ പറയുന്നു:

وقال شيخنا الشيخ محمد الأمين الشنقيطي رحمه الله عن هذا الحديث في كتابه أضواء البيان (596/6) في تفسير سورة الأحزاب: ((وما جاء فيه من كون المرأة عورة يدل على الحجاب للزوم ستر كل ما يصدق عليه اسم العورة

“സ്ത്രീ ഔറത്താണ് എന്ന് ഹദീഥിൽ വന്നത് ഔറത്ത് എന്ന നാമം സത്യമാകുന്ന എല്ലാം മറക്കലും ഹിജാബ് സ്വീകരിക്കലും അവൾക്ക് നിർബന്ധമാണ് എന്ന് അറിയിക്കുന്നു.”

**3.** വ്യഭിചാരാരോപണത്തിന്റെ കഥ വിവരിക്കുന്ന ആയിശ رَضِيَ ٱللَّهُ عَنْهَا യുടെ ഹദീഥിൽ കാണാം:

حديث عائشة رضي الله عنها في قصة الإفك، وفيه قولها: وكان صفوانُ بن المعطَّل السلمي ثم الذكواني من وراء الجيش، فأدلج فأصبح عند منزلي، فرأى سواد إنسان نائم، فأتاني فعرفني حين رآني وكان يراني قبل الحجاب، فاستيقظت باسترجاعه حين عرفني، فخمرت وجهي بجلبابي . رواه البخاري (4750) ومسلم (7020).

“അവർ പറഞ്ഞു: സ്വഫ്വാനുബ്നു മുഅത്വൽ അസ്സുലമീ സൈന്യത്തിന്റെ പിറകിലായിരുന്നു. അപ്പോൾ എന്റെ മഞ്ചലിന്റെ അടുത്തെത്തി. ഒരു കറുത്ത മനുഷ്യൻ ഉറങ്ങുന്നതായി കണ്ടു. അദ്ദേഹം എന്റെ അടുത്ത് വരികയും എന്നെ കണ്ടപ്പോൾ അദ്ദേഹത്തിന് മനസ്സിലാവുകയും ചെയ്തു. അദ്ദേഹം ഹിജാബിന്റെ ആയത്തിന് മുമ്പ് എന്നെ കണ്ടിരുന്നു. അദ്ദേഹത്തിന് എന്നെ മനസ്സിലായപ്പോൾ അദ്ദേഹം إنا لله وإنا إليه راجعون എന്ന് പറഞ്ഞു. അത് കേട്ട് ഞാൻ എഴുന്നേറ്റു. ഞാൻ എന്റെ ജിൽബാബ് കൊണ്ട് മുഖം മറച്ചു.”

**4.** ഇഹ്റാമിൽ പ്രവേശിച്ചവർക്ക് ധരിക്കാൻ പാടില്ലാത്തവ വിവരിക്കുന്ന അബ്ദുള്ളാഹിബ്നു ഉമർ رَضِيَ ٱللَّهُ عَنْهُ വിൽ നിന്നുദ്ധരിക്കുന്ന ഹദീഥിൽ കാണാം :

حديث عبد الله بن عمر رَضِيَٱللَّهُعَنْهُ في بيان ما لا يلبسه المحرم من الثياب، وفيه: ولا تنتقب المحرمة ولا تلبس القفازين. رواه البخاري (1838) ومسلم (2791)

“ഇഹ്റാമിൽ പ്രവേശിച്ച സ്ത്രീ നിഖാബ് ധരിക്കരുത് കൈയുറയും ധരിക്കരുത്.”

ഈ വാചകം ബുഖാരിയിൽ നിന്ന് ഒറ്റപ്പെട്ട് വന്നതാണ്. അത് അന്യപുരുഷന്മാരല്ലാത്തവരുടെ മുമ്പിൽ ഇഹ്റാമിൽ പ്രവേശിച്ച സ്ത്രീക്ക് അവളുടെ മുഖം വെളിവാക്കാമെന്നും ഇഹ്റാമില്ലാത്ത അവസ്ഥയിലേത് പോലെത്തന്നെ (അന്യപുരുഷന്മാരുടെ മുന്നിൽ ) അത് മറക്കണമെന്നുമാണ് സൂചന നൽകുന്നത്.

സുനനു അബൂദാവൂദിലും (1833) മറ്റും ഹദീഥ് പരമ്പരകളിൽ ദൗർബല്യത്തോടെ ഇത് ഉദ്ധർക്കപ്പെട്ടിട്ടുണ്ട്.

ആയിശ رَضِيَٱللَّهُعَنْهَا യിൽ നിന്ന് നിവേദനം:

عن عائشة رضي الله عنها قالت: كان الركبان يمرون بنا ونحن مع رسول الله ﷺ محرمات، فإذا حاذوا بنا سدلت إحدانا جلبابها من رأسها على وجهها، فإذا جاوزونا كشفناه

“ഞങ്ങൾ പ്രവാചകന്റെ കൂടെ ഇഹ്റാമിലായിരിക്കെ ഞങ്ങളുടെ അടുത്തു കൂടി യാത്രാസംഘങ്ങൾ കടന്നു പോകുമായിരുന്നു. അവർ ഞങ്ങളുടെ അരികെ എത്തുമ്പോൾ ഞങ്ങൾ തലയിൽ നിന്ന് മുഖത്തേക്ക് ഞങ്ങളുടെ ജിൽബാബ് താഴ്ത്തിയിട്ടു. അവർ കടന്നുപോയപ്പോൾ ഞങ്ങൾ അവ വെളിവാക്കി.”

ഉമ്മു സലമ رَضِيَٱللَّهُعَنْهَا യിൽ നിന്ന്: ആയിശ رَضِيَٱللَّهُعَنْهَا യിൽ നിന്നുള്ള ഹദീഥിന്റെ സനദിൽ ളഹീഫായ നിവേദകൻ ഈ സനദിലും ഉണ്ട്. ഫത്ഹുൽ ബാരി (406/3) ൽ വന്നത് പോലെ സഈദ് ബിൻ മൻസൂർ തന്റെ സുനനിൽ അത് ശക്തിപ്പെടുത്തുന്നു:

قال: وقال سعيد بن منصور حدثنا هشيم حدثنا الأعمش عن إبراهيم عن الأسود عن عائشة قالت: تسدل المرأة جلبابها من فوق رأسها على وجهها

“അദ്ദേഹം പറഞ്ഞു : ആയിശ رَضِيَٱللَّهُعَنْهَا യിൽ നിന്ന് നിവേദനം : സ്ത്രീ തന്റെ ജിൽബാബ് തലയിൽ നിന്ന് മുഖത്തേക്ക് താഴ്ത്തിയിടുന്നു.”

ഇത് രണ്ട് ശൈഖുമാരുടെ (ബുഖാരി, മുസ്ലിം) നിബന്ധനകളുടെ അടിസ്ഥാനത്തിൽ സ്വഹീഹായി റിപ്പോർട്ട് ചെയ്യപ്പെട്ടതാണ്.

ഇമാം മാലിക് തന്റെ മുവത്വയിൽ ഉദ്ധരിക്കുന്നു.

مالك في الموطأ (328/1) عن فاطمة بنت المنذر قالت: كنا نخمِّر وجوهنا ونحن محرمات ونحن مع أسماء بنت أبي بكر الصديق

“ഫാത്വിമ ബിൻത് മുൻദിർ رَضِيَ ٱللَّهُ عَنْهَا പറഞ്ഞു: ഞങ്ങൾ അസ്മാ ബിൻത് അബൂബക്കർ رَضِيَ ٱللَّهُ عَنْهَا യുടെ കൂടെ ഇഹ്റാമിലായിരുന്നപ്പോൾ മുഖം മറക്കാറുണ്ടായിരുന്നു.”

അസ്മാഅ് رَضِيَ ٱللَّهُ عَنْهَا പറഞ്ഞു :

وأخرجه الحاكم في المستدرك (454/1) عن أسماء رضي الله عنها قالت: كنا نغطي وجوهنا من الرجال وكنا نمتشط قبل ذلك في الإحرام.

“ഞങ്ങൾ ഇഹ്റാമിലായിരിക്കെ പുരുഷന്മാരുടെ അടുക്കൽ ഞങ്ങളുടെ മുഖം മറക്കുകയും അതിന് മുമ്പ് മുടി ചീകി ഒതുക്കുകയും ചെയ്യുമായിരുന്നു.”

അദ്ദേഹം പറഞ്ഞു:

രണ്ട് ശൈഖുമാരുടെ ശർത്വുകളുടെ അടിസ്ഥാനത്തിൽ സ്വഹീഹായ ഹദീഥാണിത്. എന്നാൽ അവർ രണ്ട് പേരും ഇത് ഉദ്ധരിച്ചിട്ടില്ല. ദഹബി അതിനോട് യോജിച്ചിട്ടുമുണ്ട്.

ഫത്ഹുൽ ബാരിയിൽ ഉള്ളത് പോലെത്തന്നെ ഇബ്നു മുൻദിർ رَضِيَ ٱللَّهُ عَنْهُ വും പറഞ്ഞു:

قال ابن المنذر كما في فتح الباري (406/3): أجمعوا على أن المرأة تلبس المخيط كله والخفاف، وأن لها أن تغطي رأسها وتستر شعرها إلا وجهها فتسدل عليه الثوب سدلا خفيفاً تستتر به عن نظر الرجال

“സ്ത്രീ അവളെ മുഴുവൻ മറക്കുന്ന വസ്ത്രവും സോക്സും ധരിക്കണമെന്ന് അവർ ഏകോപിച്ചിരിക്കുന്നു. മുഖമൊഴികെ മുടിയും തലയും മറച്ച് കൊണ്ട് ഒരു വസ്ത്രം ധരിക്കുകയും അതിന് മീതെ പുരുഷന്മാരുടെ കാഴ്ചയിൽ നിന്ന് മറക്കാനായി നേരിയ ഒരു തുണി കൊണ്ട് താഴ്ത്തിയിടുകയുമാണ് വേണ്ടത്.”

**5.** ഉമ്മു ആതിയ رَضِيَ ٱللَّهُ عَنْهَا യിൽ നിന്ന് നിവേദനം: അവർ പറഞ്ഞു:

حديث أم عطية رضي الله عنها قالت: أُمرنا أن نُخرج الحُيَّض يوم العيدين وذوات الخدور فيشهدن جماعة المسلمين ودعوتهم، ويعتزل الحيض عن مصلاهن، قالت امرأة: يا رسول الله! إحدانا ليس لها جلباب، قال: لتُلبسْها صاحبتُها من جلبابها. رواه البخاري (351) ومسلم (2056).

“ആർത്തവകാരികളും വീടുകളിൽ ഒതുങ്ങിയിരിക്കുന്നവരും രണ്ട് പെരുന്നാൾ ദിവസങ്ങളിൽ പുറപ്പെടാനും മുസ്ലിംകളുടെ സംഗമത്തിലും പ്രാർത്ഥനയിലും അവർ

സാക്ഷികളാകാനും ഞങ്ങളോട് കൽപ്പിക്കപ്പെട്ടു. ആർത്തവകാരികൾ നമസ്കാരത്തിൽ നിന്ന് വിട്ടുനിൽക്കണം. അപ്പോൾ ഒരു സ്ത്രീ പറഞ്ഞു: അല്ലയോ അല്ലാഹുവിന്റെ റസൂലേ, ഞങ്ങളിൽ ഒരാളുടെ കയ്യിൽ ജിൽബാബ് ഇല്ല. നബി ﷺ പറഞ്ഞു: അവളെ അവളുടെ കൂട്ടുകാരി ജിൽബാബ് അണിയിക്കട്ടെ.''

**إِلَّا مَا ظَهَرَ مِنْهَا**എന്ന അല്ലാഹുവിന്റെ വചനത്തിൽ നിന്ന് തെളിവെടുത്തപ്പോൾ ജിൽബാബ് എന്നതിന്റെ അർത്ഥത്തിൽ ഇബ്നു തെയ്മിയ്യ رَحِمَهُ ٱللَّهُ യുടെ വാക്കുകൾ ഉദ്ധരിച്ചുവല്ലോ..

والجلباب هو الملاءة وهو الذي يسميه ابن مسعود وغيره الرداء وتسميه العامة الإزار، وهو الإزار الكبير الذي يغطي رأسها وسائر بدنها

ഉമ്മു ആത്വിയ رَضِيَ ٱللَّهُ عَنْهَا യുടെ ഹദീഥിന്റെ ആശയം ഒരു സ്ത്രീക്ക് ഈദ് നമസ്കാരത്തിന് പുറപ്പെടുമ്പോൾ അവളുടെ മുഖവും ശരീരത്തിന്റെ മറ്റു ഭാഗങ്ങളും മറക്കുന്ന ജിൽബാബ് ഇല്ലെങ്കിൽ അവളുടെ കൂട്ടുകാരി സമ്മാനമായോ അല്ലാതെയോ അവളെ അത് ധരിപ്പിക്കണമെന്നതാണ്.

ഹാഫിള് ഇബ്നു ഹജർ ഫത്ഹുൽ ബാരിയിൽ പറഞ്ഞു:

قال الحافظ في الفتح (424/1): وفيه امتناع خروج المرأة بغير جلباب

''ഇതിൽ ജിൽബാബ് ഇല്ലാതെ സ്ത്രീ പുറത്ത് പോകുന്നതിലുള്ള നിരോധം ഉണ്ട്.''

**6.** ആയിശ رَضِيَ ٱللَّهُ عَنْهَا പറഞ്ഞു:

حديث عائشة رضي الله عنها قالت: كنَّ نساءُ المؤمنات يشهدن مع رسول الله ﷺ صلاة الفجر متلفِّعات بمروطهن ثم ينقلبن إلى بيوتهن حين يقضين الصلاة لا يعرفهن أحد من الغلس. رواه البخاري (578) ومسلم (1459)

''ഞങ്ങൾ സത്യവിശ്വാസികളായ സ്ത്രീകൾ കമ്പിളി വസ്ത്രം കൊണ്ട് തലമറച്ചവരായിക്കൊണ്ട് നബി ﷺ യുടെ കൂടെ ഫജ്ർ നമസ്കാരത്തിൽ പങ്കെടുക്കുമായിരുന്നു. നമസ്കാരം കഴിഞ്ഞാൽ ഞങ്ങൾ വീടുകളിലേക്ക് തിരിച്ചു പോകും. ഇരുട്ട് കാരണം അവരെ ആർക്കും തിരിച്ചറിയുമായിരുന്നില്ല.''

**متلفعات** എന്ന പദത്തിന്റെ ആശയത്തെക്കുറിച്ച് ഇബ്നുൽ അഥീർ رَحِمَهُ ٱللَّهُ തന്റെ النهاية എന്ന ഗ്രന്ഥത്തിൽ പറഞ്ഞു:

قال ابن الأثير في النهاية (65/3) في معنى (متلفعات): أي متلفعات بأكسيتهن، واللفاع ثوب يجلل به الجسد كله، كساءً كان أو غيره، وتلفع بالثوب إذا اشتمل به

“അതായത് അവരുടെ വസ്ത്രം കൊണ്ട് പുതച്ചവരായിക്കൊണ്ട്. ലിഫാഅ് എന്നാൽ ശരീരം മുഴുവൻ മറക്കുന്ന വസ്ത്രമാണ്. അത് ധരിക്കുന്ന വസ്ത്രമായാലും അല്ലെങ്കിലും.”

മുവത്വയുടെ ശറഹായ المنتقى യിൽ ഇമാം ബാജി ഈ ഹദീഥ് അവർ മുഖം തുറന്നിട്ടവരായിരുന്നു എന്ന് തെളിവാക്കിക്കൊണ്ട് പറയുന്നു:

قال الباجي في كتابه المنتقى في شرح الموطأ (214/1) بعد الإشارة إلى الاستدلال بالحديث على أنهن سافرات الوجوه، قال: إلا أنه يجوِّز أن يبيح لهن كشف وجوههن أحد أمرين: إما أن يكون ذلك قبل نزول الحجاب، أو يكون بعده، لكنهن أمنَّ أن تدرك صورهن من شدة الغلس، فأبيح لهن كشف وجوههن

“രണ്ടാലൊരു കാര്യത്താൽ ഇവിടെ അവർക്ക് മുഖം വെളിവാക്കൽ അനുവദിക്കപ്പെട്ടു: ഒന്നുകിൽ ഹിജാബിന്റെ ആയത്ത് അവതരിക്കുന്നതിനു മുമ്പോ അല്ലെങ്കിൽ അതിന് ശേഷം അവരുടെ രൂപം ഇരുട്ടിന്റെ കാഠിന്യം കാരണം വ്യക്തമാകാതെ സുരക്ഷിതമാണെങ്കിലും. അപ്പോൾ അവർക്ക് മുഖം വെളിവാക്കൽ അനുവദിക്കപ്പെട്ടു.”

**7.** വിവാഹം അന്വേഷിക്കപ്പെടുന്നവളെ നോക്കുന്നതിനെപ്പറ്റിയുള്ള ഹദീഥുകൾ:

അതിൽ പെട്ടതാണ് മുഗീറത്ത് ബ്നു ശുഅ്ബ رَضِيَ اللهُ عَنْهُ ന്റെ ഹദീഥ് :

حديث المغيرة بن شعبة رَضِيَ اللهُ عَنْهُ أنه خطب امرأة، فقال النبي ﷺ: انظر إليها؛ فإنه أحرى أن يؤدم بينكما. رواه الترمذي (1087) وغيره بإسناد صحيح.

“അദ്ദേഹം ഒരു സ്ത്രീയെ വിവാഹം ആലോചിച്ചു. അപ്പോൾ നബി പറഞ്ഞു: നീ അവളെ പോയി നോക്കൂ.”

ജാബിർ رَضِيَ اللهُ عَنْهُ ന്റെ ഹദീഥിൽ അദ്ദേഹം പറഞ്ഞു:

حديث جابر رَضِيَ اللهُ عَنْهُ قال: سمعت رسول الله ﷺ يقول: إذا خطب أحدكم المرأة فقدر أن يرى منها بعض ما يدعوه إليها فليفعل. رواه أحمد (14869) بإسناد حسن.

“നബി ﷺ പറയുന്നതായി ഞാൻ കേട്ടു. നിങ്ങളിൽ ആരെങ്കിലും ഒരു സ്ത്രീയെ വിവാഹം ആലോചിക്കുകയും അവളിൽ കാണേണ്ടത് കാണാൻ സാധിക്കുകയുമാണെങ്കിൽ അവൻ അപ്രകാരം ചെയ്യട്ടെ.”

അബീ ഹമീദ് رَضِيَ اللَّهُ عَنْهُ വിന്റെ ഹദീഥിൽ അദ്ദേഹം പറഞ്ഞു:

وحديث أبي حميد قال: قال رسول الله ﷺ: إذا خطب أحدكم امرأة فلا جناح عليه أن ينظر إليها إذا كان إنما ينظر إليها لخطبة وإن كانت لا تعلم. رواه أحمد (23602) وغيره بإسناد صحيح

“നബി ﷺ പറഞ്ഞു: നിങ്ങളിൽ ആരെങ്കിലും ഒരു സ്ത്രീയെ വിവാഹം ആലോചിക്കുകയാണെങ്കിൽ വിവാഹാന്വേഷണത്തിന് വേണ്ടി മാത്രമായി അവളറിയാതെയാണെങ്കിലും അവൻ അവളെ നോക്കുന്നതിന് കുഴപ്പമില്ല.”

ഇത് ആവശ്യമെങ്കിൽ വിവാഹമന്വേഷിക്കുന്ന സ്ത്രീയെ കാണാമെന്ന് അറിയിക്കുന്നു. സുനനു അബീദവൂദിൽ (2082) ജാബിർ رَضِيَ اللَّهُ عَنْهُ വിൽ നിന്നും സുനനു ഇബ്നു മാജയിൽ (1864) മുഹമ്മദ് ബിൻ മുസ്‌ലിമയിൽ നിന്നും ഉഹീഫോടു കൂടി ഉദ്ദരിക്കപ്പെട്ടിട്ടുണ്ട്.

അബൂ ഹുറൈറ رَضِيَ اللَّهُ عَنْهُ പറഞ്ഞു:

وحديث أبي هريرة قال: خطب رجل امرأة ـ يعني من الأنصار ـ فقال النبي ﷺ: انظر إليها؛ فإن في أعين الأنصار شيئاً. رواه أحمد (7979) بإسناد صحيح، ورواه مسلم (3485) بنحوه.

“അൻസാരി സ്ത്രീയെ ഒരു പുരുഷൻ വിവാഹമന്വേഷിച്ചപ്പോൾ നബി ﷺ പറഞ്ഞു: നീ അവളെ കാണുക. അൻസ്വാരികളുടെ കണ്ണുകളിൽ ചിലത് (ന്യൂനത) ഉണ്ട്.”

**നബി ﷺ യുടെ കാലത്ത് സ്ത്രീകൾ സ്വയം പ്രകടിപ്പിച്ചു കൊണ്ടും മുഖം തുറന്നിട്ടവരായിക്കൊണ്ടും അങ്ങാടികളിലേക്ക് പുറപ്പെടുന്നവരായിരുന്നെങ്കിൽ അവരെ ഒളിച്ചിരുന്ന് അവരറിയാതെ നോക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല.**

**8.** ബൈഹഖി തന്റെ സുനനിൽ സ്വഹീഹായ സനദോടു കൂടി സുലൈമാനു ബിനു യസാർ رَضِيَ اللَّهُ عَنْهُ വിൽ നിന്നും ആയിശ رَضِيَ اللَّهُ عَنْهَا യിൽ നിന്നും റിപ്പോർട്ട് ചെയ്യുന്നു.

رواه البيهقي في سننه (324/10) بإسناد صحيح عن سليمان بن يسار عن عائشة رضي الله عنها. قال: استأذنت عليها، فقالت: من هذا؟ فقلت: سليمان، قالت: كم بقي عليك من مكاتبتك؟ قال: قلت: عشر أواق، قالت: ادخل؛ فإنك عبد ما بقي عليك درهم

“അദ്ദേഹം പറഞ്ഞു: ഞാൻ അവരുടെ അടുക്കൽ പ്രവേശിക്കാൻ സമ്മതം ചോദിച്ചു. അവർ رَضِيَ اللَّهُ عَنْهَا ചോദിച്ചു: ഇതാരാണ്? ഞാൻ സുലൈമാനാണെന്ന് പറഞ്ഞു. കരാർ പ്രകാരം നിനക്ക് ഇനി എത്ര ബാക്കിയുണ്ട്? (അടിമ സ്വതന്ത്രനാവാനുള്ള ഒരാളിൽ എഴുതപ്പെട്ട അവൻ കൊടുക്കേണ്ട പണം) ഞാൻ പറഞ്ഞു: 10 നാണയം. അവർ പറഞ്ഞു: നീ പ്രവേശിച്ചു കൊള്ളുക. നിനക്ക് 1 ദിർഹം ബാക്കിയാവുന്നതോളം നീ അടിമയാണ്.”

ഈ അഥർ ഒരു സ്ത്രീ തന്റെ വലം കൈ ഉടമപ്പെടുത്തിയവരുടെ മുമ്പിൽ അവരുടെ അധീനതയിലുള്ള കാലത്തോളം ഹിജാബ് സ്വീകരിക്കേണ്ടതില്ല എന്ന് അറിയിക്കുന്നു.

അടിമയെ സ്വതന്ത്രമാക്കുകയോ വിൽക്കുകയോ ചെയ്ത് തന്റെ അധീനതയിൽ നിന്ന് പുറത്ത് പോയാൽ അവരുടെ മുമ്പിൽ ഹിജാബ് സ്വീകരിക്കണം. മുൻപ് ഉദ്ധരിച്ച സൂറത്തുന്നൂറിലെയും അഹ്സാബിലെയും ആയത്തുകളിൽ നിന്ന് വലം കൈ ഉടമപ്പെടുത്തിയവരുടെ മുമ്പിൽ ചെറിയ തോതിൽ ഭംഗി വെളിവാക്കൽ അനുവദിക്കപ്പെട്ടതാണെന്ന് മനസ്സിലാക്കാം. എന്നാൽ, അവർ വിവാഹം നിഷിദ്ധമായവരിൽപ്പെടുകയില്ല. അവനെ സ്വതന്ത്രനാക്കിയാൽ അവൻ മറ്റുള്ളവരെപ്പോലെ അന്യരിൽപ്പെട്ടവരാണ്.

ഉമ്മുസലമ رَضِيَ اللَّهُ عَنْهَا യിൽ നിന്ന് നിവേദനം:

حديث أم سلمة رضي الله عنها قالت: قال لنا رسول الله ﷺ: إذا كان لإحداكن مكاتب فكان عنده ما يؤدي فلتحتجب منه. رواه أبو داود (3928) وغيره بإسناد فيه ضعف، لكنه يتقوى بمفهوم أثر عائشة.

“ഞങ്ങളോട് നബി ﷺ പറഞ്ഞു: നിങ്ങളിൽ ആർക്കെങ്കിലും കരാർ പണം നൽകിത്തീർന്ന അടിമകളുണ്ടെങ്കിൽ അവരുടെ അടുക്കൽ ഹിജാബ് സ്വീകരിക്കട്ടെ. അബൂദാവൂദ് **ضعف** ഓടു കൂടിയ സനദിലാണ് ഉദ്ദരിച്ചിട്ടുള്ളത്. പക്ഷേ അത് ആയിശ رَضِيَ اللَّهُ عَنْهَا യുടെ അഥറിനെ ബലപ്പെടുത്തുന്നു.”

**9.** ആയിശ رَضِيَ اللَّهُ عَنْهَا വിൽ നിന്ന് നിവേദനം.

حديث عائشة رضي الله عنها قالت: لقد رأيت رسول الله ﷺ يوماً على باب حجرتي والحبشة يلعبون في المسجد، ورسول الله ﷺ يسترني بردائه أنظر إلى لعبهم. رواه البخاري (454)

“ഒരു ദിവസം നബി ﷺ യെ എന്റെ മുറിയുടെ വാതിൽക്കൽ ഞാൻ കണ്ടു ഹബ്ശക്കാർ പള്ളിയിൽ കളിക്കുന്നുണ്ടായിരുന്നു. നബി ﷺ അദ്ദേഹത്തിന്റെ തട്ടം കൊണ്ട് ഞാൻ അവരെ നോക്കിക്കൊണ്ടിരിക്കെ എന്നെ മറച്ചു.”

അന്യപുരുഷന്മാരിൽ നിന്ന് സ്ത്രീകൾ മറ സ്വീകരിക്കുവാൻ ഈ ഹദീഥ് അറിയിക്കുന്നു. സ്ത്രീകൾ പുരുഷന്മാരെ നോക്കുന്നതിന് ഈ ഹദീഥ് തെളിവാക്കുന്നതിനുള്ള മറുപടി മുൻപ് സ്ത്രീകൾ കണ്ണ് താഴ്ത്തേണ്ടതിനെക്കുറിച്ച് പറഞ്ഞപ്പോൾ പ്രതിപാദിച്ചിട്ടുണ്ട്.

ശൈഖ് ഇബ്നു ബാസ് رَحِمَهُ ٱللَّهُ തന്റെ ഫത്‌വാ സമാഹാരത്തിലും വ്യത്യസ്ത ലേഖനങ്ങളിലും പറഞ്ഞിട്ടുണ്ട്.

قال شيخنا الشيخ عبد العزيز بن عبد الله بن باز ~ كما في مجموع فتاوى ومقالات متنوعة (224/5): ومن المعلوم أن الدعوة إلى سفور المرأة عن وجهها دعوة باطلة ومنكرة شرعا وعقلا ومناهضة للدين الإسلامي ومعادية له.

والمسلم مدعو إلى كل ما من شأنه أن يزيد في حسناته ويقلل من سيئاته سرا وجهرا في كل أقواله وأفعاله وأن يبتعد عن وسائل الفتنة ومزاولة أسبابهاوغاياتها.

والعلماء مدعوون إلى نشر الخير وتعليمه بكل مسمياته, سواء في ذلك العبادات والمعاملات والآداب الشرعية فردية كانت أو جماعية.

ودعاة السفور المروجون له يدعون إلى ذلك إما عن جهل وغفلة وعدم معرفة لعواقبه الوخيمة, وإما عن خبث نية وسوء طوية لا يعبأون بالأخلاق الفاضلة ولا يقيمون لها وزنا, وقد يكون عن عداوة وبغضاء كما يفعل العملاء والأجراء من الخونة والأعداء فهم يعملون لهذه المفسدة العظيمة والجائحة الخطيرة, ليلا ونهارا, سرا وجهارا, جماعة وأفرادا, إنهم يدعون إلى تحرير المرأة من الفضيلة والشرف والحياء والعفة إلى الدناءة والخسة والرذيلة وعدم الحياء

“സ്ത്രീകൾ മുഖം വെളിവാക്കുന്നതിലേക്കുള്ള ക്ഷണം ബുദ്ധിപരമായും ദീനീ നിയമപരമായും ബാത്വിലും വെറുക്കപ്പെട്ടതും ഇസ്‌ലാം മതത്തിന് എതിരാവുന്നതുമാണെന്നത് അറിയപ്പെട്ട കാര്യങ്ങളിൽപ്പെട്ടതാണ്.

ഒരു മുസ്‌ലിം എപ്പോഴും വാദിക്കുന്നത് അവന്റെ നന്മകൾ വർദ്ധിപ്പിക്കാനും അവന്റെ വാക്കിലും പ്രവൃത്തിയിലും രഹസ്യവും പരസ്യവുമായ തിന്മകൾ ലഘൂകരിക്കാനും ഫിത്‌നയുടെ വാതിലുകൾ അകറ്റാനും അതിന്റെ കാരണങ്ങളും ലക്ഷ്യങ്ങളും ഇല്ലാതാക്കാനുമാകണം.

പണ്ഡിതന്മാർ നന്മ പ്രചരിപ്പിക്കാനും അത് പഠിപ്പിക്കാനുമാണ് ഒന്നിക്കേണ്ടത്. അവ ആരാധനാ കാര്യങ്ങളിലായാലും പെരുമാറ്റ രീതികളിലായാലും വ്യക്തിപരമോ സംഘടിതമോ ആയ മതപരമായ മര്യാദകളിലായാലും ശരി.

മുഖം വെളിവാക്കുന്നതിലേക്ക് പ്രബോധനം ചെയ്യുന്നവർ ഒന്നുകിൽ അവരുടെ അറിവില്ലായ്മ കൊണ്ടോ അശ്രദ്ധ കൊണ്ടോ ഭീകരമായ ശിക്ഷയെക്കുറിച്ച് മനസ്സിലാക്കാത്തത് കൊണ്ടോ അല്ലെങ്കിൽ അവരുടെ മോശം നിയ്യത്ത് കൊണ്ടോ ചീത്ത ചിന്തകൾ കൊണ്ടോ ആണ് അതിലേക്ക് പ്രവേശിക്കുന്നത്. ശ്രേഷ്ഠ സ്വഭാവങ്ങളെ പരിഗണിക്കാത്തവരോ അതിന് ശ്രേഷ്ഠത കൽപ്പിക്കാത്തവരോ ആണവർ. ശത്രുതയും ദേഷ്യവും കാരണം ഇസ്‌ലാമിന്റെ ശത്രുക്കൾ ഏൽപ്പിച്ച കൂലിത്തൊഴിലാളികൾ ചതിയിലൂടെ രാവും പകലും രഹസ്യമായും പരസ്യമായും സംഘമായും വ്യക്തിപരമായും ഈ മ്ലേച്ഛമായ അപകടകരമായ പ്രവർത്തനം ചെയ്യുന്നു. അവർ സ്ത്രീയെ അവളുടെ ശ്രേഷ്ഠതയിൽ നിന്നും ലജ്ജയിൽ നിന്നും പവിത്രതയിൽ നിന്നും കുലീനതയിൽ നിന്നും അധമത്വത്തിലേക്കും തരംതാഴ്മയിലേക്കും മ്ലേച്ഛതയിലേക്കും ലജ്ജയില്ലായ്മയിലേക്കും സ്വതന്ത്രമാക്കാനാണ് ക്ഷണിക്കുന്നത്.''

അദ്ദേഹം തന്നെ പറഞ്ഞു:

وقال أيضاً (225/5): والدعوة إلى السفور ورفض الحجاب دعوة لا تعود على المسلمين ذكورهم وإناثهم بخير في دينهم ولا دنياهم, بل تعود عليهم بالشر والفجور وكل ما يكرهه الله ويأباه. فالحكمة والخير للمسلمين جميعا في الحجاب لا السفور في حال من الأحوال. وبما أن أصل الحجاب عبادة لأمر الإسلام ونهيه عن ضده في كتاب الله وسنة رسوله ﷺ ...فهو أيضا وقاية لأنه يساعد على غض البصر الذي أمر الله سبحانه وتعالى بغضه ويساعد على قطع أطماع الفسقة الذين في قلوبهم مرض, ويبعد المرأة عن مخالطة الرجال ومداخلتهم كما أنه يساعد على ستر العورات التي تثير في النفوس كوامن الشهوات.
والتبرج ليس تحررا من الحجاب فقط بل هو والعياذ بالله تحرر من الالتزام بشرع الله وخروج على تعاليمه ودعوة للرذيلة, والحكمة الأساسية في حجاب المرأة هي درأ الفتنة, فإن مباشرة أسباب الفتنة ودواعيها وكل وسيلة توقع فيها من المحرمات الشرعية.

''മുഖം വെളിവാക്കുന്നതിലേക്കും ഹിജാബ് നിരോധനത്തിലേക്കുമുള്ള ക്ഷണം മുസ്‌ലിംകളിൽ ഒരാൾക്കും അവരുടെ ദീനിലോ ദുന്യാവിലോ ഒരു നന്മയും കൊണ്ടു വരികയില്ല. എന്നാൽ തിന്മയും തെമ്മാടിത്തവും അല്ലാഹു വെറുക്കുന്നതും വിരോധിക്കുന്നതുമായ എല്ലാമാണ് അത് കൊണ്ട് വരുന്നത്. ഏതൊരവസ്ഥയിലും മുസ്‌ലിംകൾക്ക് തത്വദിക്ഷയും നന്മയും ഹിജാബിലാണ്. മുഖം തുറന്നിടുന്നതിലല്ല. ഇസ്‌ലാം അത് കൽപ്പിക്കുന്നതിനാലും അതിന് വിരുദ്ധമായവയെ അല്ലാഹുവിന്റെ കിതാബും നബി യുടെ സുന്നത്തും നിരോധിക്കുന്നതിനാലുമാണ് ഹിജാബ്

ഇബാദത്താകുന്നത്. മാത്രമല്ല, അത് അല്ലാഹു കൽപ്പിച്ച കണ്ണ് താഴ്ത്തുന്നതിന് നമ്മെ സഹായിക്കുകയും മനസ്സിൽ രോഗമുള്ളവരുടെ മ്ലേച്ഛമായ ആഗ്രഹങ്ങളെ മുറിച്ച് കളയുകയും സ്ത്രീകളെ പുരുഷന്മാരുമായി ഇടകലരുന്നതിൽ നിന്ന് അകറ്റുകയും ദേഹേച്ഛകളെ ഇളക്കിവിടുന്ന ഔറത്തിനെ മറക്കുകയും ചെയ്യുന്നതിനാൽ അത് ഒരു സംരക്ഷണ കവചമാണ്.

തബറുജ് വെറും ഹിജാബിൽ നിന്ന് സ്വതന്ത്രമാകൽ മാത്രമല്ല, അത് അല്ലാഹുവിന്റെ നിയമങ്ങളെ മുറുകെപ്പിടിക്കുന്നതിൽ നിന്ന് സ്വതന്ത്രമാവലും അതിന്റെ (ഇസ്‌ലാമിന്റെ) അധ്യാപനങ്ങളിൽ നിന്ന് പുറത്ത് പോകലും വൃത്തികെട്ട ദഅ്‌വത്തും തന്നെയാണ്. അല്ലാഹുവിൽ അഭയം: സ്ത്രീ ഹിജാബിലെ അടിസ്ഥാനപരമായ തത്വം (ഹിക്മത്ത്) ഫിത്നയെ തടയലാണ്. തീർച്ചയായും ഫിതനയുണ്ടാക്കുന്ന എല്ലാ കാരണങ്ങളും അതിന്റെ ഘടകങ്ങളും അതിൽപ്പെടുന്ന മാർഗ്ഗങ്ങളുമെല്ലാം ദീനിൽ ഹറാമാക്കപ്പെട്ടവയിലാണ്."

അദ്ദേഹം പറഞ്ഞു:

وقال أيضاً (227/5): ولما كان الله سبحانه وتعالى يعلم ما في المرأة من وسائل الفتنة المتعددة للرجل أمرها بستر هذه الوسائل حتى لا تكون سببا للفتنة فيطمع بها الذي في قلبه مرض.

والزينة المنهي عن إبدائها: اسم جامع لكل ما يحبه الرجل من المرأة ويدعوه للنظر إليها سواء في ذلك الزينة الأصلية أو المكتسبة التي هي كل شيء تحدثه في بدنها تجملا وتزينا.

**وأما الزينة الأصلية**: فإنها هي الثابتة كالوجه والشعر وما كان من مواضع الزينة كاليدين والرجلين والنحر وما إلى ذلك، وإذا كان الوجه أصل الزينة وهو بلا نزاع القاعدة الأساسية للفتنة بالمرأة, بل هو المورد والمصدر لشهوة الرجال فإن تحريم إبدائه آكد من تحريم كل زينة تحدثها المرأة في بدنها، قال القرطبي في تفسيره: الزينة على قسمين خَلقية ومكتسبة:**فالخَلقية**: وجهها فإنه أصل الزينة وجمال الخلقة ومعنى الحيوانية لما فيه من المنافع وطرق العلوم.

**وأما الزينة المكتسبة**: فهي ما تحاول المرأة في تحسين خلقتها به كالثياب والحلي والكحل والخضاب. ا هـ.

وقال البيضاوي في تفسيره: وَلَا يُبْدِينَ زِينَتَهُنَّ كالحلي والثياب والأصباغ فضلاً عن مواضعها لمن لا يحل أن تبدى له. اهـ.

فإذا كان الوجه هو أصل الزينة بلا نزاع في النقل والعقل، فإن الله جلَّت قدرته حرَّم على المرأة إبداء شيء من زينتها وهذا عموم لا مخصص له من الكتاب والسنة ولا يجوز تخصيصه بقول فلان أو فلان، فأي قول من أقوال الناس يخصص هذا العموم فهو مرفوض لأن عموم القرآن الكريم والسنة

المطهرة لا يجوز تخصيصه بأقوال البشر, ولا يجوز تخصيصه عن طريق الاحتمالات الظنية, أو الاجتهادات الفردية, فلا يخصص عموم القرآن إلا بالقرآن الكريم أو بما ثبت من السنة المطهرة أو بإجماع سلف الأمة, ولذلك نقول: كيف يسوغ تحريم الفرع وهو الزينة المكتسبة وإباحة الأصل وهو الوجه الذي هو الزينة الأساسية.

“സ്ത്രീകളിൽ പുരുഷനെ ഫിത്നയിലാക്കുന്ന ഒരുപാട് മാർഗങ്ങൾ ഉണ്ടെന്ന് അറിയുന്ന അല്ലാഹു തന്നെ മനസ്സിൽ രോഗമുള്ളവർക്ക് ഫിത്നയുടെ കാരണമാകാത്ത രൂപത്തിൽ ആ മാർഗ്ഗങ്ങളെ മറക്കുവാനും കൽപിച്ചു.

**വെളിവാക്കൽ നിഷിദ്ധമായ ഭംഗി**: ഒരു പുരുഷൻ സ്ത്രീയിൽ ഇഷ്ടപ്പെടുന്നതും അവന്റെ നോട്ടത്തെ ക്ഷണിക്കുന്നതും ആയ എല്ലാം വെളിവാക്കൽ നിഷിദ്ധമായ ഭംഗിയിൽപ്പെടുന്നു. അത് അടിസ്ഥാനപരമായ ഭംഗി ആയാലും കൃത്രിമമായാലും ശരി, തന്റെ ശരീരത്തെ ഭംഗിയായി കാണിക്കുന്ന എല്ലാം വെളിവാക്കൽ നിഷിദ്ധമാണ്.

**അടിസ്ഥാനപരമായ ഭംഗി**: അവ മുഖം, മുടി പോലുള്ള ഭംഗിയുടെ സ്ഥാനങ്ങളായ കൈകൾ, കാലുകൾ, കഴുത്ത് പോലുള്ള സ്ഥിരപ്പെട്ടവയാണ്. ഭംഗിയുടെ അടിസ്ഥാനം മുഖമാണെങ്കിൽ അത് സ്ത്രീകളെക്കൊണ്ടുള്ള ഫിത്നയുടെ അടിസ്ഥാന കാരണമാണെന്നുള്ളതിൽ തർക്കമില്ല. എന്നാൽ അതാകട്ടെ, പുരുഷന്മാരുടെ ദേഹേച്ഛകളുടെ ഉറവിടവും സ്രോതസ്സുമാണ്. അത് വെളിവാക്കൽ നിഷിദ്ധമാണെന്നത് അവളുടെ ശരീരത്തിലെ ഭംഗിയുള്ള മറ്റ് ഭാഗങ്ങൾ നിഷിദ്ധമായത് പോലെ ഉറപ്പായതാണ്. ഖുർതുബി തന്റെ തഫ്സീറിൽ പറഞ്ഞു: ഭംഗി രണ്ട് വിധമാണ്. ജന്മനാ ഉള്ളതും കൃത്രിമമായതും. ജന്മനാ ഉള്ളത് മുഖം, അതാണ് ഭംഗിയുടെ അടിസ്ഥാനം. തിരിച്ചറിയാനുള്ള മാർഗ്ഗങ്ങളും മറ്റ് ഉപകാരങ്ങളും അതിൽ ഉള്ളതിനാൽ ജന്തുലോകത്തിന്റെ ആശ്രയം അതാകുന്നു.

**കൃത്രിമ ഭംഗി**: വസ്ത്രം, ആഭരണം, കൺമഷി പോലുള്ള ചായങ്ങൾ കൊണ്ട് തന്റെ സൃഷ്ടിപ്പിനെ നന്നാക്കുന്നതിന് (ഭംഗി കൂട്ടുന്നതിന്) സ്ത്രീ ശ്രമിക്കുന്നതാണിത്.

ബൈളാവി തന്റെ തഫ്സീറിൽ പറഞ്ഞു :

وَلَا يُبْدِينَ زِينَتَهُنَّ (അവർ അവരുടെ ഭംഗി വെളിവാക്കാതിരിക്കട്ടെ) എന്നത് ആഭരണങ്ങളും വസ്ത്രങ്ങളും ചായങ്ങളും അനുവദിക്കപ്പെടാത്തവർക്ക് വെളിപ്പെടുത്തലാണ്.

ബുദ്ധിപരമായും പ്രമാണപരമായും മുഖമാണ് ഭംഗിയുടെ അടിസ്ഥാനം എന്നതിൽ തർക്കമില്ല എന്നിരിക്കെ, അല്ലാഹു സ്ത്രീക്ക് തന്റെ സൗന്ദര്യം പ്രകടിപ്പിക്കൽ ഹറാമാക്കി. ഇത് ഖുർആനിലും സുന്നത്തിലും പൊതുവായ കാര്യമാണ്. ഏതെങ്കിലും വ്യക്തികളുടെ പേരിൽ ഇത് പ്രത്യേകമാക്കൽ അനുവദനീയമല്ല. ഈ പൊതു തത്വത്തെ

പ്രത്യേകമാക്കുന്ന ജനങ്ങളിൽ ഏതൊരാളുടെ വാക്കും തിരസ്കരിക്കപ്പെടേണ്ടതാണ്. കാരണം ഖുർആനിന്റെയും തിരുസുന്നത്തിന്റെയും പൊതു തത്വം മനുഷ്യരുടെ വാക്കുകൾ കൊണ്ട് പ്രത്യേകമാക്കൽ അനുവദനീയമല്ല. ഊഹങ്ങളുടെ അടിസ്ഥാനത്തിലോ വ്യക്തിപരമായ ഗവേഷണങ്ങളിലൂടെയോ ഉള്ള പ്രത്യേകമാക്കലും അനുവദനീയമല്ല. ഖുർആനിലെ ഒരു പൊതു തത്വം ഖുർആൻ കൊണ്ടോ സ്ഥിരപ്പെട്ട സുന്നത്ത് കൊണ്ടോ സലഫുകളുടെ ഇജ്മാഅ് കൊണ്ടോ അല്ലാതെ പ്രത്യേകമാവുകയില്ല. അടിസ്ഥാനപരമായ സൗന്ദര്യമായ മുഖം വെളിവാക്കൽ അനുവദനീയവും ശാഖാപരമായ കൃത്രിമ സൗന്ദര്യം പ്രകടമാക്കൽ നിഷിദ്ധവും എങ്ങനെ യോജിക്കും?''

## സ്ത്രീകളെ സ്പർശിക്കലും ഹസ്തദാനവും നിഷിദ്ധം എന്നതിനുള്ള തെളിവുകൾ

വിവാഹ ബന്ധം നിഷിദ്ധമല്ലാത്ത പുരുഷന്മാരുടെയടുക്കൽ മുഖം വെളിവാക്കൽ സ്ത്രീക്ക് അനുവദനീയമല്ലാത്തത് പോലെ തന്നെ അവരുമായി ഹസ്തദാനം ചെയ്യലും അവർക്ക് അനുവദനീയമല്ല.

وقد كان النبيّ ﷺ عند مبايعة النساء يبايعهن كلاماً ولا يصافحهن كما كان يصافح الرجال عند البيعة، روى البخاري (4891) ومسلم (4834)

''നബി ﷺ സ്ത്രീകൾ ബൈഅത്ത് ചെയ്യുമ്പോൾ പുരുഷന്മാരോട് ചെയ്യുന്നത് പോലെ അവരോട് ഹസ്തദാനം ചെയ്യാതെ വാക്കുകൾ കൊണ്ട് ബൈഅത്ത് ചെയ്യുകയാണ് ചെയ്തിരുന്നത്.''

ഉർവ ബിൻ സുബൈർ رَضِيَ اللَّهُ عَنْهُ വിൽ നിന്ന് പ്രവാചക പത്നി ആയിശ رَضِيَ اللَّهُ عَنْهَا അദ്ദേഹത്തോട് പറഞ്ഞു :

عن عروة بن الزبير أن عائشة رضي الله عنها زوج النبيّ ﷺ أخبرته أن رسول الله ﷺ كان يمتحن من هاجر إليه من المؤمنات بهذه الآية بقول الله تعالى: يَا أَيُّهَا النَّبِيُّ إِذَا جَاءَكَ الْمُؤْمِنَاتُ يُبَايِعْنَكَ عَلَىٰ أَن لَّا يُشْرِكْنَ بِاللَّهِ شَيْئًا وَلَا يَسْرِقْنَ وَلَا يَزْنِينَ وَلَا يَقْتُلْنَ أَوْلَادَهُنَّ وَلَا يَأْتِينَ بِبُهْتَانٍ يَفْتَرِينَهُ بَيْنَ أَيْدِيهِنَّ وَأَرْجُلِهِنَّ وَلَا يَعْصِينَكَ فِي مَعْرُوفٍ فَبَايِعْهُنَّ وَاسْتَغْفِرْ لَهُنَّ اللَّهَ إِنَّ اللَّهَ غَفُورٌ رَّحِيمٌ .قال عروة: قالت عائشة: فمن أقرَّ بهذا الشرط من المؤمنات قال لها رسول الله ﷺ: (قد بايعتك) كلاماً، ولا ـ والله! ـ ما مسّت يده يد امرأة قط في المبايعة،

ما يبايعهن إلا بقوله: قد بايعتك على ذلك. وروى ابن ماجه (2874) وغيره بإسناد على شرط البخاري ومسلم

“ഓ; നബീ, അല്ലാഹുവോട് യാതൊന്നിനെയും പങ്കുചേർക്കുകയില്ലെന്നും, മോഷ്ടിക്കുകയില്ലെന്നും, വ്യഭിചരിക്കുകയില്ലെന്നും, തങ്ങളുടെ മക്കളെ കൊന്നുകളയുകയില്ലെന്നും, തങ്ങളുടെ കൈകാലുകൾക്കിടയിൽ വ്യാജവാദം കെട്ടിച്ചമച്ചു കൊണ്ടുവരികയില്ലെന്നും, യാതൊരു നല്ല കാര്യത്തിലും നിന്നോട് അനുസരണക്കേട് കാണിക്കുകയില്ലെന്നും നിന്നോട് പ്രതിജ്ഞ ചെയ്തുകൊണ്ട് സത്യവിശ്വാസിനികൾ നിന്റെ അടുത്ത് വന്നാൽ നീ അവരുടെ പ്രതിജ്ഞ സ്വീകരിക്കുകയും, അവർക്കു വേണ്ടി പാപമോചനം തേടുകയും ചെയ്യുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. (സൂറ: അൽ മുംതഹിന:12)

ഈ ആയത്തുമായി നബി ﷺ യുടെ അടുക്കൽ ബൈഅത്ത് ചെയ്യാനായി വരുന്ന സ്ത്രീകളെക്കൊണ്ട് അദ്ദേഹം പരീക്ഷിക്കപ്പെടാറുണ്ടായിരുന്നു.ആയിശ رَضِيَ ٱللَّهُ عَنْهَا പറഞ്ഞതായി ഉർവ رَضِيَ ٱللَّهُ عَنْهُ പറയുന്നു. ഈ നിബന്ധന വെക്കുന്ന സ്ത്രീകളോട് നബി ﷺ പറഞ്ഞു: ഞാൻ നിന്നോട് വാക്കാൽ ബൈഅത്ത് ചെയ്തിരിക്കുന്നു. എന്നാൽ അല്ലാഹു തന്നെ സത്യം, ബൈഅത്തിൽ ഒരു സ്ത്രീയുടെ കൈയ്യും ഒരിക്കലും അദ്ദേഹത്തിന്റെ കൈ സ്പർശിച്ചിട്ടില്ല. അതിനാൽ നാം ബൈഅത്ത് ചെയ്തിരിക്കുന്നു എന്ന് പറഞ്ഞതല്ലാതെ.”

ഉമൈമ ബിൻത് റുഖൈഖ رَضِيَ ٱللَّهُ عَنْهَا യിൽ നിന്ന് അവർ പറഞ്ഞു:

عن أميمة بنت رُقيقة رضي الله عنها قالت: جئت النبيّ ﷺ في نسوة نبايعه، فقال لنا: فيما استطعتن وأطقتن، إني لا أصافح النساء

“ബൈഅത്ത് ചെയ്യുന്നതിനായി ഞാനും മറ്റ് സ്ത്രീകളും നബി ﷺ യുടെ അടുക്കൽ ചെന്നു. അദ്ദേഹം ഞങ്ങളോട് പറഞ്ഞു: നിങ്ങൾ സാധിക്കുവോളം (അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുമെന്ന്) തീർച്ചയായും ഞാൻ സ്ത്രീകളെ ഹസ്തദാനം ചെയ്യുകയില്ല.”

എന്നാൽ സ്ത്രീകളെ സ്പർശിക്കുന്നതിലും ഹസ്തദാനം ചെയ്യുന്നതിലും താക്കീത് ചെയ്യപ്പെട്ടിട്ടുണ്ട്.

മുഅ്ഖൽ ബ്നു യസാർ رَضِيَ ٱللَّهُ عَنْهُ വിൽ നിന്ന് നബി ﷺ പറഞ്ഞു:

فعن معقل بن يسار رَضِيَٱللَّهُعَنْهُ أن رسول الله ﷺ قال: لأن يُطعن في رأس أحدكم بمخيط من حديد خير له من أن يمس امرأة لا تحل له. أورده المنذري في الترغيب والترهيب (111/4) وقال: ((رواه الطبراني والبيهقي ورجال الطبراني ثقات رجال الصحيح))، انظر السلسلة الصحيحة للألباني (226).

“ഒരാൾ തനിക്ക് അനുവദനീയമല്ലാത്ത ഒരു സ്ത്രീയെ സ്പർശിക്കുന്നതിനേക്കാൾ നല്ലത് അവന്റെ തലയിൽ ഒരു ഇരുമ്പാണി തറക്കലാണ്.”

എന്നാൽ സ്വഹീഹുൽ ബുഖാരിയിൽ ഉദ്ധരിക്കപ്പെട്ട ഹദീഥ് :

عن أنس رَضِيَٱللَّهُعَنْهُ قال: كانت الأمة من إماء أهل المدينة لتأخذ بيد رسول الله ﷺ فتنطلق به حيث شاءت : رواه البخاري في صحيحه (6072)

“അനസ് رَضِيَٱللَّهُعَنْهُ വിൽ നിന്ന് നിവേദനം.അദ്ദേഹം പറഞ്ഞു: മദീനയിലെ അടിമ സ്ത്രീകളിൽപ്പെട്ട ഒരു സ്ത്രീ പോലും നബി ﷺ യെ കൈ പിടിച്ച് താനുദ്ദേശിക്കുന്നിടത്തേക്ക് കൊണ്ടു പോകാറുണ്ടായിരുന്നു.”

ഇതിൽ സ്ത്രീകളെ സ്പർശിക്കുന്നതിനോ ഹസ്തദാനം ചെയ്യുന്നതിനോ തെളിവില്ല. അത് അവർ അദ്ദേഹത്തിന്റെ വസ്ത്രത്തിലോ മറ്റോ പിടിക്കുന്നതാവാം. സ്ത്രീകളെ സ്പർശിക്കലും ഹസ്തദാനം ചെയ്യലും അനുവദനീയമല്ല എന്ന് വ്യക്തമായി സ്വഹീഹായി വന്ന ഹദീഥുകളുമായി യോജിക്കാൻ ഇതാണ് നല്ലത്. സ്ത്രീകളെ ഹസ്തദാനം ചെയ്യുന്നതിന് ഇതിനെ തെളിവാക്കൽ മുഹ്കമായതിനെ ഉപേക്ഷിച്ച് സംശയമുള്ളതിനെ സ്വീകരിക്കലാകുന്നു.

**സ്ത്രീകൾ മുഖം വെളിവാക്കുന്നതിന് തെളിവാക്കപ്പെട്ട ഹദീഥുകളെക്കുറിച്ചുള്ള മറുപടി**

സ്ത്രീ മുഖം വെളിവാക്കണമെന്ന് ഹദീഥുകളിൽ വന്നിട്ടുള്ളവയിൽ ദുർബലമായ റിപ്പോർട്ടുകളാണുള്ളത്. അതിൽപ്പെട്ടതാണ് ആയിശ رَضِيَ ٱللَّهُ عَنْهَا യുടെ ഹദീഥ്.

حديث عائشة رضي الله عنها أن أسماء بنت أبي بكر دخلت على رسول الله ﷺ وعليها ثياب رقاق، فأعرض عنها رسول الله ﷺ وقال: يا أسماء! إن المرأة إذا بلغت المحيض لم يصلح أن يُرى منها إلا هذا وهذا، وأشار إلى وجهه وكفيه. رواه أبو داود (4104)

“അസ്മ رَضِيَ ٱللَّهُ عَنْهَا നബി ﷺ യുടെ അടുക്കൽ നേരിയ വസ്ത്രം അണിഞ്ഞ് വരികയും നബി ﷺ അവരോട് പറഞ്ഞു: ഓ അസ്മാ, തീർച്ചയായും ഒരു സ്ത്രീ അവളുടെ ആർത്തവ സമയമെത്തിയാൽ അവളുടെ ഇതും ഇതും അല്ലാതെ കാണാൻ പാടില്ല. എന്നിട്ട് നബി ﷺ മുഖവും മുൻകൈയും ചൂണ്ടിക്കാണിച്ചു.”

ഇതിന്റെ ദൗർബല്യം വ്യക്തമായതാണ്. ഇത് ദുർബലമായ ഹദീഥാണ്. ഖാലിദ് ബ്നു ദുറൈക് ആയിശ رَضِيَ ٱللَّهُ عَنْهَا യെ കാണുകയോ അവരിൽ നിന്ന് കേൾക്കുകയോ ചെയ്തിട്ടില്ല. സഈദ് ബിനു ബഷീറും (തെളിവെടുക്കാൻ മാത്രം) ശക്തമായവരിൽ പെട്ടവനല്ല. (ഇരുവരും ഈ ഹദീഥിന്റെ സനദിൽ ഉൾപ്പെട്ടവരാണ്).

ഹാഫിള് ഇബ്നു ഹജർ رَحِمَهُ ٱللَّهُ തന്റെ തഖ്‌രീബ് എന്ന ഗ്രന്ഥത്തിൽ സഈദ് ബ്നു ബഷീർ നെക്കുറിച്ച് പറഞ്ഞു: ഇയാൾ ദുർബലനാകുന്നു.

അതിൽ ഖത്താദയുടെ തദ്‌ലീസും ഉണ്ട്. അത് عنعنة യിലൂടെയാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. അതിന്റെ മത്നിലും കുഴപ്പങ്ങളുണ്ട്. കാരണം അസ്മ رَضِيَ ٱللَّهُ عَنْهَا ആദ്യം ഇസ്‌ലാം സ്വീകരിച്ചവരിൽപ്പെട്ടവരാണ്.അവരുടെ മകൻ അബ്ദുള്ളാഹി ബ്നു സുബൈർ ആണ് ഹിജ്റക്ക് ശേഷം മദീനയിലെ ആദ്യം ജനിച്ച കുഞ്ഞ്.

الإصابة യിൽ അബൂ നഈം പറഞ്ഞതായി ഹാഫിള് ഉദ്ദരിക്കുന്നു:

وذكر الحافظ في الإصابة (8/8) أن أبا نعيم قال: وُلدت قبل الهجرة بسبع وعشرين سنة

“അവർ ഹിജ്റക്ക് 24 വർഷം മുമ്പേ ജനിച്ചു.”

അങ്ങനെയിരിക്കെ നബി ﷺ യുടെ അടുക്കൽ അദ്ദേഹം വിലക്കിയ രൂപത്തിൽ വരിക എന്നത് വളരെ വിദൂരമായ കാര്യങ്ങളിൽപ്പെട്ടതാണ്.

## തദ്‌ലീസ്

തദ്‌ലീസ് എന്നാൽ തെറ്റിദ്ധരിപ്പിക്കൽ എന്നാണ് ഭാഷാർത്ഥം. ഹദീഥ് നിദാന ശാസ്ത്രത്തിൽ ഒരു ഹദീഥിനെ ദുർബലപ്പെടുത്തുന്ന കാരണമാണത്. തദ്‌ലീസ് ചെയ്യുന്ന റിപ്പോർട്ടറെ മുദല്ലിസ് എന്നു വിളിക്കുന്നു. തദ്‌ലീസിന്റെ വ്യത്യസ്ത രൂപങ്ങൾ ഉസൂലുൽ ഹദീഥിന്റെ കിതാബുകളിൽ കാണാവുന്നതാണ്.

## മുദല്ലസ്

തദ്‌ലീസ് ചെയ്തുകൊണ്ട് റിപ്പോർട്ട് ചെയ്യപ്പെടുന്ന ദുർബലമായ ഹദീഥിനാണ് മുദല്ലസ് എന്നു പറയുന്നത്.

അവയിൽ സ്വഹീഹായവയുമുണ്ട്. അത് ഈദ് ഖുതുബയിൽ സ്ത്രീകളോടുള്ള നബി ﷺ യുടെ ഉപദേശങ്ങൾ പ്രതിപാദിക്കുന്ന ജാബിർ ബിൻ അബ്ദില്ലാഹ് رَضِيَ اللَّهُ عَنْهُ റിപ്പോർട്ട് ചെയ്യുന്ന ഹദീഥാണ്.

حديث جابر بن عبد الله في موعظة النبيّ ﷺ النساء بعد خطبة العيد، وفيه ذكر امرأة سفعاء الخدين أخرجه مسلم (2048)

"അതിൽ ഇരുണ്ട കവിളുകൾ ഉള്ള ഒരു സ്ത്രീയെപ്പറ്റി പ്രതിപാദിച്ചിട്ടുണ്ട്."

അത് ഹിജാബിന് മുൻപുള്ളതാവാം. അല്ലെങ്കിൽ, നിഖാബിന്റെ ആയത്തിന് ശേഷമുള്ളതാണെങ്കിൽ ആ സ്ത്രീയിൽ വിവാഹം ആഗ്രഹിക്കപ്പെടാത്ത ചില കാരണങ്ങളുണ്ട്.

അത്പോലെ ഇബ്നു അബ്ബാസ് رَضِيَ اللَّهُ عَنْهُ വിൽ നിന്നുദ്ധരിക്കുന്ന ഹദീഥ്, അദ്ദേഹം പറഞ്ഞു:

حديث ابن عباس قال: أردف النبيّ ﷺ الفضل بن عباس يوم النحر خلفه على عجز راحلته، وكان الفضل رجلاً وضيئاً، فوقف النبيّ ﷺ للناس يفتيهم، وأقبلت امرأة من خثعم وضيئة تستفتي رسول الله ﷺ، فطفق الفضل ينظر إليها وأعجبه حسنها، فالتفت النبيّ ﷺ والفضل ينظر إليها، فأخلف بيده فأخذ بذقن الفضل فعدل وجهه عن النظر إليها. الحديث، أخرجه البخاري (6228) ومسلم (3251)

"ബലിയുടെ ദിവസം നബി ﷺ ഫദ്‌ലു ബ്നു അബ്ബാസ് رَضِيَ اللَّهُ عَنْهُ വിനെ തന്റെ വാഹനപ്പുറത്ത് പിന്നിൽ കയറ്റി. ഫദ്‌ൽ സുന്ദരനായ പുരുഷനായിരുന്നു. നബി ﷺ ജനങ്ങൾക്ക് ഫത്‌വ നൽകുന്നതിനായി വാഹനം വഴിയിൽ നിർത്തുമായിരുന്നു. ഹസ്അം ഗോത്രത്തിലെ സുന്ദരിയായ ഒരു സ്ത്രീ നബി ﷺ യോട് ഫത്‌വ തേടി വന്നു. ഫദ്‌ൽ അവളെ നോക്കുകയും അവളുടെ ഭംഗിയിൽ ആകർഷിക്കപ്പെടുകയും ചെയ്തു. നബി ﷺ തിരിഞ്ഞു നോക്കുമ്പോൾ ഫദ്‌ൽ അവളെ നോക്കുകയായിരുന്നു. നബി ﷺ കൈ

പിന്നിലാക്കി അദ്ദേഹത്തിന്റെ താടിക്ക് പിടിച്ച് അവളെ നോക്കുന്നതിൽ നിന്നും അദ്ദേഹത്തിന്റെ മുഖം നേരെയാക്കി.''

സ്വതന്ത്രമായി മുഖം വെളിവാക്കുന്നതിന് ഈ ഹദീഥ് തെളിവാക്കുന്നവർക്ക് ഉത്തരം നൽകപ്പെടേണ്ടത്, തീർച്ചയായും അതൊരു സംഭവം മാത്രമാണ്. പൊതുവായ കാര്യമല്ല. മുഖം മറക്കണം എന്നറിയിക്കുന്ന ധാരാളം തെളിവുകൾ ഖുർആനിലും സുന്നത്തിലും ഉണ്ടെന്നിരിക്കെ ഈ ഹദീഥ് കൊണ്ട് തെളിവെടുക്കുന്നതിന് നിലനിൽപ്പില്ല.

**ഈ സ്ത്രീയാകട്ടെ ഇഹ്റാമിൽ പ്രവേശിച്ചവരായിരുന്നു. അപ്പോൾ അവർ മുഖം വെളിവാക്കിയത് അവരുടെ ഇഹ്റാമിലാണെന്ന് വരുന്നു.** ഹദീഥിൽ വന്നിട്ടുണ്ട്.

ولا تنتقب المحرمة ولا تلبس القفازين

''ഇഹ്റാമിൽ പ്രവേശിച്ചവർ നിഖാബ് ധരിക്കുകയോ കൈയുറ ധരിക്കുകയോ ചെയ്യരുത്.''

ഈ വെളിവാക്കൽ ആവശ്യമായ ഘട്ടങ്ങളിലാവാം. നബി ﷺ യെ വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്നത് പോലെ.

............

# تحريم اختلاط النساء بالرجال

## സ്ത്രീ പുരുഷ സങ്കലനം നിഷിദ്ധം

**“നന്മ കൽപ്പിക്കലും തിന്മ വിരോധിക്കലും സഊദി രാഷ്ട്രത്തിന്റെ നിലനിൽപ്പിന്റെ കാരണങ്ങളിൽ മുഖ്യം”** എന്ന എന്റെ രിസാലയിൽ ഞാൻ പറഞ്ഞിട്ടുണ്ട്.

സ്ത്രീകൾ മുഖം വെളിവാക്കൽ സ്ത്രീകളും പുരുഷന്മാരും കൂടിക്കലരുന്നതിന്റെ പ്രധാന കാരണങ്ങളിൽപ്പെട്ടതാണ്. അത് തടഞ്ഞു കൊണ്ടുള്ള തെളിവുകൾ വന്നിട്ടുണ്ട്.

ഉമ്മു സലമ رَضِيَ ٱللَّهُ عَنْهَا യിൽ നിന്ന് ഇമാം ബുഖാരി ഉദ്ധരിക്കുന്നു:

روى البخاري (870) عن أم سلمة رضي الله عنها قالت: كان رسول الله ﷺ إذا سلّم قام النساء حين يقضي تسليمه، ويمكث هو في مُقامه يسيراً قبل أن يقوم، قال: نرى ـ والله أعلم ـ أنَّ ذلك كان لكي ينصرف النساء قبل أن يدركهن أحد من الرجال

“ഉമ്മു സലമ رَضِيَ ٱللَّهُ عَنْهَا പറഞ്ഞു: നബി ﷺ സലാം വീട്ടിയാൽ ഉടനെ സ്ത്രീകൾ എഴുന്നേൽക്കുമായിരുന്നു. അദ്ദേഹം തന്റെ സ്ഥാനത്ത് തന്നെ അൽപ സമയം ഇരിക്കും. ഞങ്ങളുടെ അഭിപ്രായം, അത് പുരുഷന്മാരിൽ ഒരാളും സ്ത്രീകളുമായി കണ്ടുമുട്ടാത്ത വിധം സ്ത്രീകൾ പിരിഞ്ഞു പോകുന്നതിന് വേണ്ടിയാണ്.”

നസാഇ ഉദ്ധരിക്കുന്നു, അദ്ദേഹത്തിന്റെ വാക്കുകളിൽ :

رواه النسائي (1333) ولفظه: أنَّ النساء في عهد رسول الله ﷺ كنَّ إذا سلّمن من الصلاة قمن، وثبت رسول الله ﷺ ومن صلى من الرجال ما شاء الله، فإذا قام رسول الله ﷺ قام الرجال

“നബി ﷺ യുടെ കാലത്ത് സ്ത്രീകൾ നമസ്കാരത്തിൽ സലാം വീട്ടിയ ഉടനെ എഴുന്നേൽക്കും. നബി ﷺ യും പുരുഷന്മാരും അവിടെ തന്നെ ഇരിക്കും. റസൂൽ ﷺ എഴുന്നേറ്റാൽ അവരും എഴുന്നേൽക്കും.”

സ്ത്രീ-പുരുഷ സങ്കലനം ഒഴിവാക്കൽ മുൻസമുദായങ്ങളിൽ ഉണ്ടായിരുന്നതാണെന്ന് വിശുദ്ധ ഖുർആനിൽ കാണാം.

അല്ലാഹു മൂസാ عَلَيْهِ ٱلسَّلَامُ നെക്കുറിച്ച് പറഞ്ഞു:

وَلَمَّا وَرَدَ مَاءَ مَدْيَنَ وَجَدَ عَلَيْهِ أُمَّةً مِّنَ النَّاسِ يَسْقُونَ وَوَجَدَ مِن دُونِهِمُ امْرَأَتَيْنِ تَذُودَانِ قَالَ مَا خَطْبُكُمَا قَالَتَا لَا نَسْقِي حَتَّىٰ يُصْدِرَ الرِّعَاءُ وَأَبُونَا شَيْخٌ كَبِيرٌ*فَسَقَىٰ لَهُمَا ثُمَّ تَوَلَّىٰ إِلَى الظِّلِّ فَقَالَ رَبِّ إِنِّي لِمَا أَنزَلْتَ إِلَيَّ مِنْ خَيْرٍ فَقِيرٌ

“മദ്‌യനിലെ ജലാശയത്തിങ്കൽ അദ്ദേഹം ചെന്നെത്തിയപ്പോൾ ആടുകൾക്ക് വെള്ളം കൊടുത്ത് കൊണ്ടിരിക്കുന്ന ഒരു കൂട്ടം ആളുകളെ അതിന്നടുത്ത് അദ്ദേഹം കണ്ടെത്തി. അവരുടെ ഇപ്പുറത്തായി (തങ്ങളുടെ ആട്ടിൻ പറ്റത്തെ) തടഞ്ഞു നിർത്തിക്കൊണ്ടിരിക്കുന്ന രണ്ട് സ്ത്രീകളെയും അദ്ദേഹം കണ്ടു. അദ്ദേഹം ചോദിച്ചു: എന്താണ് നിങ്ങളുടെ പ്രശ്നം? അവർ പറഞ്ഞു: ഇടയൻമാർ (ആടുകൾക്ക് വെള്ളം കൊടുത്ത്) തിരിച്ചു കൊണ്ടു പോകുന്നത് വരെ ഞങ്ങൾക്ക് വെള്ളം കൊടുക്കാനാവില്ല. ഞങ്ങളുടെ പിതാവാകട്ടെ വലിയൊരു വൃദ്ധനുമാണ്. അങ്ങനെ അവർക്കു വേണ്ടി അദ്ദേഹം (അവരുടെ കാലികൾക്ക്) വെള്ളം കൊടുത്തു. പിന്നീടദ്ദേഹം തണലിലേക്ക് മാറിയിരുന്നിട്ട് ഇപ്രകാരം പ്രാർത്ഥിച്ചു: എന്റെ രക്ഷിതാവേ, നീ എനിക്ക് ഇറക്കിത്തരുന്ന ഏതൊരു നൻമയ്ക്കും ഞാൻ ആവശ്യക്കാരനാകുന്നു.” (സൂറ:ഖസ്വസ്:23-24)

ഈ കഥയിൽ രണ്ട് സ്ത്രീകൾ അവരുടെ ആടുകൾക്ക് വെള്ളം കൊടുത്തതുണ്ട്. പുരുഷന്മാർ വെള്ളം കൊടുത്തു കഴിയുന്നത് വരെ അവർ കാത്തിരുന്നു. മൂസാ عَلَيْهِ السَّلَامُ നോട് അവർ കാരണം ബോധിപ്പിക്കുന്നത് തങ്ങളുടെ പിതാവ് വൃദ്ധനാണെന്നും പുരുഷന്മാരുടെ കൂടെ വെള്ളം കൊടുക്കാൻ വരാൻ അദ്ദേഹത്തിന് സാധിക്കില്ല എന്നുമാണ്. അപ്പോൾ അവർക്ക് വേണ്ടി മൂസാ عَلَيْهِ السَّلَامُ വെള്ളം കൊടുത്തു.

ത്വവാഫിലും സഅ്‌യിലും ജംറകളിൽ എറിയുന്നിടത്തുമൊക്കെ പരസ്പരം നഷ്ടപ്പെടുമെന്നതിനാൽ മഹ്റമായ ആളുകൾ സ്ത്രീകളുടെ കൂടെ വേണമെന്നത് സ്ത്രീ പുരുഷ കൂടിക്കലരലിന് തെളിവാക്കപ്പെടുകയില്ല.

അത് നിർബന്ധാവസ്ഥയിലാണ്. അതോടൊപ്പം തന്നെ സ്ത്രീകൾ തനിച്ചാവലും മഹ്റമില്ലാതെ തനിച്ച് യാത്ര ചെയ്യലും തടയപ്പെട്ടിട്ടുണ്ട്.

നബി ﷺ പറഞ്ഞു:

قوله ﷺ: لا تسافر المرأة إلا مع ذي محرم، ولا يدخل عليها رجل إلا ومعها محرم، فقال رجل: يا رسول الله! إني أريدُ أن أخرج في جيش كذا وكذا وامرأتي تريد الحج؟ فقال: اخرج معها. رواه البخاري (1862) ومسلم (3272) عن ابن عباس رَضِيَ اللَّهُ عَنْهُ

“ഒരു സ്ത്രീ മഹ്റമായ ഒരാൾ കൂടെയില്ലാതെ യാത്ര ചെയ്യാൻ പാടില്ല. അവളുടെ കൂടെ മഹ്റം ഇല്ലാതെ അവളുടെ അടുക്കൽ പ്രവേശിക്കുകയും ആവരുത്. അപ്പോൾ ഒരാൾ ചോദിച്ചു: ഞാൻ ഇന്നായിന്ന യുദ്ധത്തിൽ സൈന്യത്തോടൊപ്പം പുറപ്പെടാൻ ഉദ്ദേശിക്കുന്നു. എന്റെ ഭാര്യയാകട്ടെ ഹജ്ജും ഉദ്ദേശിക്കുന്നു. അപ്പോൾ നബി ﷺ പറഞ്ഞു: നീ അവളുടെ കൂടെ പോവുക.”

സ്ത്രീ മുഖം മറക്കുന്നതിന്റെയും പുരുഷന്മാരുമായി കൂടിക്കലരാതിരിക്കുന്നതിന്റെയും തെളിവുകൾ പ്രതിപാദിച്ച ശേഷം الشرق الأوسط ( 2007/5/24م) എന്ന പത്രത്തിന്റെ ലേഖകൻ പറയുന്നു:

إن للاختلاط فوائد عدّة، منها أنها تتيح الفرصة للرجل لمعرفة المرأة لطلب الزواج منها خلال ذهابها وإيابها، إلى جانب كسر الكثير من الحواجز التي تكون أحد الأسباب في طمع الشباب وانجذابهم المبالغ للجنس الآخر، فتباعد الجنسين أحدهما عن الآخر يقضي بشدة التطلب، تطلب كل منهما لصاحبه وتلهفه عليه!!

"തീർച്ചയായും സ്ത്രീ പുരുഷ സങ്കലനം കൊണ്ട് ധാരാളം പ്രയോജനങ്ങൾ ഉണ്ട്. അതിൽപ്പെട്ടതാണ് വിവാഹ ആവശ്യത്തിന് സ്ത്രീയെക്കുറിച്ച് അവളുടെ പോക്കു വരവുകളിൽ നിന്ന് മനസ്സിലാക്കാനുള്ള അവസരം നൽകുന്നു എന്നത് എതിർ ലിംഗത്തോട് യുവാക്കൾക്കുണ്ടാകുന്ന അതിരറ്റ ആകർഷണത്തിനും ആഗ്രഹങ്ങൾക്കും കാരണമാകുന്ന തടസ്സങ്ങളെ പൊട്ടിച്ചെറിയുന്നു എന്നതിന് പുറമെ, ഇരു ലിംഗങ്ങളെയും തമ്മിൽ അകറ്റുക എന്നത് അവരിൽ കൂടുതൽ ആഗ്രഹമുണ്ടാക്കുകയും അവരിൽ ഓരോരുത്തരും തന്റെ ഇണയെ ആഗ്രഹിക്കുകയും അവന്റെ മേൽ ചാടി വീഴുകയും ചെയ്യും!!"

ഈ വാക്കുകൾക്ക് മുന്നിൽ ഞാൻ 3 മുസ്‌ലിം പണ്ഡിതന്മാരുടെയും അവരുടെ അമീറുമാരുടെയും വാക്കുകൾ ഓർമിപ്പിക്കുന്നു.

ഇബ്നുൽ ഖയ്യിം رَحِمَهُ ٱللَّهُ , الطرق الحكمية യിൽ പറഞ്ഞു:

قال ابن القيم رحمه الله في الطرق الحكمية (ص:280): ومن ذلك أن ولي الأمر يجب عليه أن يمنع من اختلاط الرجال بالنساء في الأسواق والفُرَج ومجامع الرجال

"അതിൽപ്പെട്ടതാണ് പട്ടണങ്ങളിലും തുറസ്സായ സ്ഥലങ്ങളിലും പുരുഷന്മാർ കൂടുന്നിടത്തും സ്ത്രീ പുരുഷ സങ്കലനം തടയൽ കൈകാര്യ കർത്താവിന്റെ മേൽ നിർബന്ധമാണ് എന്നത്."

അദ്ദേഹം പറഞ്ഞു:

وقال (ص:281): ولا ريب أن تمكين النساء من اختلاطهن بالرجال أصل كل بلية وشر، وهو من أعظم أسباب نزول العقوبات العامة، كما أنه من أسباب فساد أمور العامة والخاصة، واختلاط الرجال بالنساء سبب لكثرة الفواحش والزنا، وهو من أسباب الموت العام والطواعين المتصلة

"സ്ത്രീകൾക്ക് പുരുഷന്മാരുമായി കൂടിക്കലരാൻ അവസരമുണ്ടാക്കുന്നത് എല്ലാ പരീക്ഷണങ്ങളുടെയും തിന്മകളുടെയും അടിസ്ഥാനം എന്ന കാര്യത്തിൽ സംശയമില്ല. പൊതു സമൂഹത്തിന്റെയും പ്രത്യേക വിഭാഗങ്ങളുടെയും കാര്യങ്ങൾ കുഴപ്പത്തിലാകാനും

ഇതേ കാരണമാണ്. അതോടൊപ്പം സ്ത്രീ പുരുഷ സങ്കലനം വ്യഭിചാരവും നീചവൃത്തികളും അധികരിക്കാൻ കാരണമാകുന്നു.''

അദ്ദേഹം പറഞ്ഞു:

وقال: فمن أعظم أسباب الموت العام كثرة الزنا بسبب تمكين النساء من اختلاطهن بالرجال والمشي بينهم متبرجات متجملات، **ولو علم أولياء الأمر ما في ذلك من فساد الدنيا والرعية ـ قبل الدين ـ لكانوا أشد شيء منعاً لذلك**

''സ്ത്രീ പുരുഷ സങ്കലനവും ഭംഗി പ്രകടിപ്പിക്കുന്നവരായിക്കൊണ്ടും സൗന്ദര്യം സ്ഥിരീകരിച്ചു കൊണ്ടും പുരുഷന്മാർക്കിടയിൽ നടക്കുന്നതും കാരണം വ്യഭിചാരം വർദ്ധിക്കുന്നതാണ് പൊതുസമൂഹത്തിന്റെ മരണങ്ങളുടെ കാരണങ്ങളിൽ പ്രധാനപ്പെട്ടത്. **കൈകാര്യ കർത്താക്കൾ അതിൽ ഉള്ള കുഴപ്പം എത്രത്തോളമെന്ന് അറിഞ്ഞിരുന്നുവെങ്കിൽ അവർ ഏറ്റവുമധികം തടയുന്ന കാര്യം അതാകുമായിരുന്നു.''**

ശൈഖ് മുഹമ്മദ് ശൻക്വിതി رَحِمَهُ ٱللَّهُ തന്റെ أضواء البيان ൽ പറഞ്ഞു:

قال شيخنا الشيخ محمد الأمين الشنقيطي رحمه الله في أضواء البيان (503/3) بعد كلام له: على أن خروج المرأة وابتذالها فيه ضياع المروءة والدين؛ لأن المرأة متاع، هو خير متاع الدنيا، وهو أشد أمتعة الدنيا تعرضاً للخيانة، لأن العين الخائنة إذا نظرت إلى شيء من محاسنها فقد استغلت بعض منافع ذلك الجمال خيانة ومكراً، فتعريضها لأن تكون مائدة للخونة فيه ما لا يخفى على أدنى عاقل، وكذلك إذا لمس شيئاً من بدنها بدن خائن سرت لذة ذلك اللمس في دمه ولحمه بطبيعة الغريزة الإنسانية، ولا سيما إذا كان القلب فارغاً من خشية الله تعالى، فاستغل نعمة ذلك البدن خيانة وغدراً، وتحريك الغرائز بمثل ذلك النظر واللمس يكون غالباً سبباً لما هو شر منه؛ كما هو مشاهد بكثرة في البلاد التي تخلت عن تعاليم الإسلام، وتركت الصيانة، فصارت نساؤها يخرجن متبرجات عاريات الأجسام إلا ما شاء الله؛ لأن الله نزع من رجالها صفة الرجولة والغيرة على حريمهم، ولا حول ولا قوة إلا بالله العلي العظيم! نعوذ بالله من مسخ الضمير والذوق ومن كل سوء، ودعوى الجهلة السفلة: أن دوام خروج النساء بادية الرؤوس والأعناق والمعاصم والأذرع والسُّوْق ونحو ذلك يذهب إثارة غرائز الرجال؛ لأن كثرة الإمساس تذهب الإحساس. كلام في غاية السقوط والخسة؛ لأن معناه: إشباع الرغبة مما لا يجوز، حتى يزول الأرب بكثرة مزاولته، وهذا كما ترى، ولأن الدوام لا يذهب إثارة الغريزة باتفاق العقلاء؛ لأن الرجل يمكث مع امرأته سنين كثيرة حتى تلد أولادهما، ولا تزال ملامسته لها، ورؤيته لبعض جسمها تثير غريزته، كما هو مشاهد لا ينكره إلا مكابر.

وقد أمر رب السماوات والأرض، خالق هذا الكون ومدبر شؤونه، العالم بخفايا أموره، وبكل ما كان وما سيكون بغض البصر عما لا يحل، قال تعالى: قُل لِّلْمُؤْمِنِينَ يَغُضُّوا مِنْ أَبْصَارِهِمْ وَيَحْفَظُوا فُرُوجَهُمْ ذَٰلِكَ أَزْكَىٰ لَهُمْ إِنَّ اللَّهَ خَبِيرٌ بِمَا يَصْنَعُونَ,وَقُل لِّلْمُؤْمِنَاتِ يَغْضُضْنَ مِنْ أَبْصَارِهِنَّ وَيَحْفَظْنَ فُرُوجَهُنَّ وَلَا يُبْدِينَ زِينَتَهُنَّ..الآية.

ونهى المرأة أن تضرب برجلها لتسمع الرجال صوت خلخالها في قوله: وَلَا يَضْرِبْنَ بِأَرْجُلِهِنَّ لِيُعْلَمَ مَا يُخْفِينَ مِن زِينَتِهِنَّ* ونهاهن عن لين الكلام لئلا يطمع أهل الخنى فيهن، قال تعالى: فَلَا تَخْضَعْنَبِالْقَوْلِ فَيَطْمَعَ الَّذِي فِي قَلْبِهِ مَرَضٌ وَقُلْنَ قَوْلًا مَّعْرُوفًا

''സ്ത്രീകൾ പുറത്ത് പോകുന്നതിലും അതിൽ മുഴുകുന്നതിലും ദീനിന്റെയും മനുഷ്യത്വത്തിന്റെയും നാശം ഉണ്ട്. കാരണം തീർച്ചയായും സ്ത്രീ ഒരു വിഭവമാകുന്നു. അതാകുന്നു ദുന്യാവിലെ ഏറ്റവും നല്ല വിഭവം. ചതിക്കു വേണ്ടി ഏറ്റവുമധികം പ്രദർശിക്കപ്പെടുന്ന ദുന്യാവിലെ വിഭവവും അതു തന്നെ. കാരണം വഞ്ചനയുടെ കണ്ണുകൾ അവളുടെ ഭംഗിയിൽ നോക്കിയാൽ തന്ത്രപൂർവ്വം അത് അവരുടെ നേട്ടങ്ങൾക്ക് വേണ്ടി ഉപയോഗപ്പെടുത്തുന്നു. അപ്പോൾ അത് പ്രകടമാക്കൽ ചതിയുടെ പാനപാത്രമാകലാകുന്നു. ചെറിയ ബുദ്ധിയുള്ളവർക്കു പോലും പ്രകടമായ കാര്യമാണിത് അത് പോലെത്തന്നെ, അവളുടെ ശരീരത്തിലെ നല്ല ഭാഗവും സ്പർശിക്കാൻ സാധിച്ചാലും ആ സ്പർശനം കൊണ്ട് അവന്റെ രക്തത്തിലും മാംസത്തിലുമെല്ലാം അതിന്റെ ആസ്വാദനം ഉണ്ടാകുന്നു. ഇത് മനുഷ്യ പ്രകൃതമാണ്. പ്രത്യേകിച്ച് അല്ലാഹുവിനെക്കുറിച്ച് ഭയമില്ലാത്ത മനസ്സാണെങ്കിൽ. അപ്പോൾ ആ ശരീരത്തിന്റെ മാധുര്യത്തെ ചതിയിലൂടെയും വഞ്ചനയിലൂടെയും അവർ ദുരുപയോഗം ചെയ്യുന്നു. ഇത് പോലുള്ള നോട്ടവും സ്പർശനവുമൊക്കെയാണ് അതിനേക്കാൾ വലിയ തിന്മകൾക്ക് കാരണമാകുന്നത്. ഇസ്ലാമിക അധ്യാപനങ്ങളിൽ നിന്ന് മുക്തമായ രാഷ്ട്രങ്ങളിൽ നാം കാണുന്നത് പോലെ. അവർക്ക് സംരക്ഷണം നഷ്ടപ്പെടുന്നു. ശരീരം പ്രകടിപ്പിച്ച് കൊണ്ടും നഗ്നകളായിക്കൊണ്ടും അവരിലെ സ്ത്രീകൾ പുറത്ത് പോകുന്നു. കാരണം അല്ലാഹു അവളുടെ പുരുഷനിൽ നിന്ന് പൗരുഷവും തന്റെ സ്ത്രീയെക്കുറിച്ചുള്ള ശ്രദ്ധയും ഊരിയെടുത്തിരിക്കുന്നു.لا حول ولا قوة إلا بالله العلي العظيم മ്ലേഛഹൃദയങ്ങളിൽ നിന്നും ആസ്വാദനങ്ങളിൽ നിന്നും എല്ലാ വിധ തിന്മകളിൽ നിന്നും വിഡ്ഢികളുടെയും അധമന്മാരുടെയും വാദങ്ങളിൽ നിന്നും ഞങ്ങൾ അല്ലാഹുവിങ്കൽ അഭയം തേടുന്നു. അവർ പറയുന്നു: തലയും കഴുത്തും വെളിവാക്കി അങ്ങാടികളിൽ സ്ത്രീകൾ സ്ഥിരമായി പോകുന്നത് പുരുഷന്മാരുടെ പ്രകൃതാ ഉള്ള ഉത്തേജനം ഇല്ലാതാക്കും. കാരണം അമിത സ്പർശനങ്ങൾ അനുഭവങ്ങൾ ഇല്ലാതാക്കും. അങ്ങേയറ്റം അധഃപതനത്തിന്റെ വാക്കുകൾ! അതിന്റെ ആശയം, അനുവദിക്കപ്പെടാത്ത മാർഗത്തിൽ ആഗ്രഹം ജനിപ്പിച്ച് കൊണ്ട്. അത് ധാരാളം ഉണ്ടെന്ന കാരണത്താൽ ആഗ്രഹങ്ങൾ നീങ്ങും. ഇന്ന് നിങ്ങൾ കാണുന്നത് പോലെ സ്ഥിരമാക്കുക എന്നത് പ്രകൃതാ ഉള്ള ആഗ്രഹങ്ങൾ ഇല്ലാതാക്കുകയില്ല എന്നാണ് ബൗദ്ധികന്മാർ ഏകോപിച്ചിട്ടുള്ളത്. കാരണം

ഒരു പുരുഷൻ തന്റെ ഭാര്യയുടെ കൂടെ അവൾക്ക് ധാരാളം മക്കളുണ്ടാകുന്നത് വരെ വർഷങ്ങൾ കഴിച്ചു കൂട്ടുന്നു. അവർ പരസ്പരം സ്പർശിച്ചു കൊണ്ടായിരിക്കുന്നുവെങ്കിലും, അവളുടെ ശരീരഭാഗങ്ങൾ കാണുന്നത് അവന്റെ ആഗ്രഹങ്ങൾ ഉണർത്തുന്നു. ഇത് സാധാരണ കാഴ്ച്ചയാണ് അഹങ്കാരികളല്ലാതെ അത് നിഷേധിക്കുകയില്ല.

ആകാശഭൂമികളുടെ റബ്ബ് കൽപ്പിച്ചിരിക്കുന്നു, പ്രപഞ്ച സ്യഷ്ടാവും കാര്യങ്ങൾ നിയന്ത്രിക്കുന്നവനുമായ മറഞ്ഞ കാര്യങ്ങളും കണ്ണ് താഴ്ത്തുന്നത് കൊണ്ട് ഉണ്ടാവാൻ പോകുന്നതും അല്ലാത്തതുമെല്ലാം അറിയുന്നവനായ അല്ലാഹു പറഞ്ഞു :

قُل لِّلْمُؤْمِنِينَ يَغُضُّوا مِنْ أَبْصَارِهِمْ وَيَحْفَظُوا فُرُوجَهُمْ ذَٰلِكَ أَزْكَىٰ لَهُمْ إِنَّ اللَّهَ خَبِيرٌ بِمَا يَصْنَعُونَ,وَقُل لِّلْمُؤْمِنَاتِ يَغْضُضْنَ مِنْ أَبْصَارِهِنَّ وَيَحْفَظْنَ فُرُوجَهُنَّ وَلَا يُبْدِينَ زِينَتَهُنَّ..

(നബിയേ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും, ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവർക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീർച്ചയായും അല്ലാഹു അവർ പ്രവർത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു. സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും, അവരുടെ ഭംഗിയിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക. *(സൂറത്ത് നൂർ : 30,31)*

കാലിട്ടടിച്ച് കൊണ്ട് തന്റെ പാദസ്വരത്തിന്റെ ശബ്ദം കേൾപ്പിക്കുന്നതും സ്ത്രീകളോട് നിരോധിച്ചു അല്ലാഹു പറഞ്ഞു :

وَلَا يَضْرِبْنَ بِأَرْجُلِهِنَّ لِيُعْلَمَ مَا يُخْفِينَ مِن زِينَتِهِنَّ

''തങ്ങൾ മറച്ചു വെക്കുന്ന തങ്ങളുടെ അലങ്കാരം അറിയപ്പെടുവാൻ വേണ്ടി അവർ കാലിട്ടടിക്കുകയും ചെയ്യരുത്." *(സൂറത്ത് നൂർ : 31)*

അത്പോലെത്തന്നെ അവരോട് കൊഞ്ചിക്കുഴഞ്ഞ് സംസാരിക്കുന്നതും നിരോധിച്ചു. ദുർവൃത്തിയുടെ ആളുകൾക്ക് അവരിൽ ആഗ്രഹം തോന്നാതിരിക്കാൻ വേണ്ടി.

അല്ലാഹു പറഞ്ഞു :

فَلَا تَخْضَعْنَبِالْقَوْلِ فَيَطْمَعَ الَّذِي فِي قَلْبِهِ مَرَضٌ وَقُلْنَ قَوْلًا مَّعْرُوفًا

"നിങ്ങൾ (അന്യരോട്) അനുനയ സ്വരത്തിൽ സംസാരിക്കരുത്. അപ്പോൾ ഹൃദയത്തിൽ രോഗമുള്ളവന് മോഹം തോന്നിയേക്കും. ന്യായമായ വാക്ക് നിങ്ങൾ പറഞ്ഞു കൊള്ളുക." (സൂറ: അഹ്സാബ്:32)

ശൈഖ് അബ്ദുൽ അസീസ് ബ്നു ബാസ് رَحِمَهُ ٱللَّهُ പറഞ്ഞു:

وقال شيخنا الشيخ عبد العزيز بن باز رحمه الله :...ذلك أنَّ من المعلوم بأنَّ نزول المرأة للعمل في ميدان الرِّجال يُؤدي إلى الاختلاط المذموم والخلوة بهنَّ، وذلك أمرٌ خطير جدّاً له تبعاته الخطيرة وثمراته المُرَّة وعواقبه الوخيمة، وهو مصادم للنصوص الشرعية التي تأمر المرأة بالقرار في بيتها والقيام بالأعمال التي تخصُّها وفطَرَها الله عليها، مما تكون فيه بعيدة عن مخالطة الرجال.والأدلَّة الصريحة الدَّالة على تحريم الخلوة بالأجنبية، وتحريم النظر إليها، وتحريم الوسائل الموصلة إلى الوقوع فيما حرَّم الله، أدلَّة كثيرة مُحكمة قاضية بتحريم الاختلاط المؤدّي إلى ما لا تُحمد عقباه، منها قوله تعالى: وَقَرْنَ فِي بُيُوتِكُنَّ وَلَا تَبَرَّجْنَ تَبَرُّجَ الْجَاهِلِيَّةِ الْأُولَىٰ وَأَقِمْنَ الصَّلَاةَ وَآتِينَ الزَّكَاةَ وَأَطِعْنَ اللَّهَ وَرَسُولَهُ إِنَّمَا يُرِيدُ اللَّهُ لِيُذْهِبَ عَنكُمُ الرِّجْسَ أَهْلَ الْبَيْتِ وَيُطَهِّرَكُمْ تَطْهِيرًا،وَاذْكُرْنَ مَا يُتْلَىٰ فِي بُيُوتِكُنَّ مِنْ آيَاتِ اللَّهِ وَالْحِكْمَةِ إِنَّ اللَّهَ كَانَ لَطِيفًا خَبِيرًا. وقال تعالى: يَا أَيُّهَا النَّبِيُّ قُل لِّأَزْوَاجِكَ وَبَنَاتِكَ وَنِسَاءِ الْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِن جَلَابِيبِهِنَّ ذَٰلِكَ أَدْنَىٰ أَن يُعْرَفْنَ فَلَا يُؤْذَيْنَ وَكَانَ اللَّهُ غَفُورًا رَّحِيمًا، وقال الله جلَّ وعلا: قُل لِّلْمُؤْمِنِينَ يَغُضُّوا مِنْ أَبْصَارِهِمْ وَيَحْفَظُوا فُرُوجَهُمْ ذَٰلِكَ أَزْكَىٰ لَهُمْ إِنَّ اللَّهَ خَبِيرٌ بِمَا يَصْنَعُونَ,وَقُل لِّلْمُؤْمِنَاتِ يَغْضُضْنَ مِنْ أَبْصَارِهِنَّ وَيَحْفَظْنَ فُرُوجَهُنَّ وَلَا يُبْدِينَ زِينَتَهُنَّ إِلَّا مَا ظَهَرَ مِنْهَا وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ وَلَا يُبْدِينَ زِينَتَهُنَّ إِلَّا لِبُعُولَتِهِنَّ أَوْ آبَائِهِنَّ أَوْ آبَاءِ بُعُولَتِهِنَّ.وقال تعالى:وَإِذَا سَأَلْتُمُوهُنَّ مَتَاعًا فَاسْأَلُوهُنَّ مِن وَرَاءِ حِجَابٍ ذَٰلِكُمْ أَطْهَرُ لِقُلُوبِكُمْ وَقُلُوبِهِنَّ

അറിയപ്പെട്ട കാര്യങ്ങളിൽപ്പെട്ടതാണ് സ്ത്രീകൾ പുരുഷന്മാരുടെ മേഖലയിൽ ജോലിക്ക് വേണ്ടി ഇറങ്ങിത്തിരിക്കുന്നത് കുറ്റകരമായ കൂടിക്കലരലിലേക്കും അവരുമായി ഒറ്റപ്പെടുന്ന സാഹചര്യങ്ങളിലേക്കും നയിക്കും എന്നത്. അതാകട്ടെ വളരെ അപകടകരമായ കാര്യമാണ്. അതിന് അപകടകരമായ പരിണിത ഫലങ്ങളും നീചമായ അന്ത്യവും ഉണ്ട്. അത് സ്ത്രീകൾ വീടുകളിൽ നിൽക്കുകയും അവൾക്ക് പ്രത്യേകമായ അല്ലാഹു നൽകിയിട്ടുള്ള കാര്യങ്ങൾ നിർവ്വഹിക്കുകയും ചെയ്യണമെന്ന മതനിയമത്തിന് എതിരാവുന്നതുമാണ്. അതാകട്ടെ പുരുഷന്മാരുമായി കൂടിക്കലരുന്നതിന് വിദൂര സാധ്യതയാണുള്ളത്. അന്യപുരുഷന്മാരുമായി കൂടിക്കലരലും അവരിലേക്ക് നോക്കലും നിഷിദ്ധമാണെന്നതിനും അല്ലാഹു നിഷിദ്ധമാക്കിയവയിലേക്ക് എത്തിക്കുന്ന മാധ്യമങ്ങൾ നിഷിദ്ധമാണെന്നതിനും വ്യക്തമായ തെളിവുകളുണ്ട്. സ്തുതിക്കപ്പെടാത്ത പരിണിതഫലങ്ങളിലേക്ക് നയിക്കുന്ന സ്ത്രീ പുരുഷ കൂടിക്കലരലിനെ നിഷിദ്ധമാക്കുന്ന തെളിവുകൾ മുഹ്കമായതും ധാരാളവുമുണ്ട്. അതിൽപ്പെട്ടതാണ് അല്ലാഹുവിന്റെ വചനങ്ങൾ :

“നിങ്ങള്‍ നിങ്ങളുടെ വീടുകളില്‍ അടങ്ങിക്കഴിയുകയും ചെയ്യുക. പഴയ അജ്ഞാനകാലത്തെ സൗന്ദര്യപ്രകടനം പോലുള്ള സൗന്ദര്യപ്രകടനം നിങ്ങള്‍ നടത്തരുത്. നിങ്ങള്‍ നമസ്കാരം മുറപോലെ നിര്‍വഹിക്കുകയും, സകാത്ത് നല്‍കുകയും അല്ലാഹുവെയും അവന്റെ ദൂതനെയും അനുസരിക്കുകയും ചെയ്യുക. (പ്രവാചകന്റെ) വീട്ടുകാരേ! നിങ്ങളില്‍ നിന്ന് മാലിന്യം നീക്കികളയുവാനും, നിങ്ങളെ ശരിയായി ശുദ്ധീകരിക്കുവാനും മാത്രമാണ് അല്ലാഹു ഉദ്ദേശിക്കുന്നത്.”(സൂറ: അഹ്സാബ്:33)

“(നബിയേ,) നീ സത്യവിശ്വാസികളോട് അവരുടെ ദൃഷ്ടികള്‍ താഴ്ത്തുവാനും, ഗുഹ്യാവയവങ്ങള്‍ കാത്തുസൂക്ഷിക്കുവാനും പറയുക. അതാണ് അവര്‍ക്ക് ഏറെ പരിശുദ്ധമായിട്ടുള്ളത്. തീര്‍ച്ചയായും അല്ലാഹു അവര്‍ പ്രവര്‍ത്തിക്കുന്നതിനെപ്പറ്റി സൂക്ഷ്മമായി അറിയുന്നവനാകുന്നു. സത്യവിശ്വാസിനികളോടും അവരുടെ ദൃഷ്ടികള്‍ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങള്‍ കാത്തുസൂക്ഷിക്കുവാനും, അവരുടെ ഭംഗിയില്‍ നിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക. അവരുടെ മക്കനകള്‍ കുപ്പായമാറുകള്‍ക്ക് മീതെ അവര്‍ താഴ്ത്തിയിട്ടു കൊള്ളട്ടെ. അവരുടെ ഭര്‍ത്താക്കന്‍മാര്‍, അവരുടെ പിതാക്കള്‍, അവരുടെ ഭര്‍തൃപിതാക്കള്‍, അവരുടെ പുത്രന്‍മാര്‍, അവരുടെ ഭര്‍തൃപുത്രന്‍മാര്‍, അവരുടെ സഹോദരന്‍മാര്‍, അവരുടെ സഹോദരപുത്രന്‍മാര്‍, അവരുടെ സഹോദരീ പുത്രന്‍മാര്‍, അവരില്‍പെട്ട സ്ത്രീകള്‍, അവരുടെ വലംകൈകള്‍ ഉടമപ്പെടുത്തിയവര്‍ (അടിമകള്‍), ലൈംഗികാസക്തി ഉള്ളവരല്ലാത്ത പുരുഷന്‍മാരായ പരിചാരകര്‍, സ്ത്രീകളുടെ രഹസ്യങ്ങള്‍ മനസ്സിലാക്കിയിട്ടില്ലാത്ത കുട്ടികള്‍ എന്നിവരൊഴിച്ച് മറ്റാര്‍ക്കും തങ്ങളുടെ ഭംഗി അവര്‍ വെളിപ്പെടുത്തരുത്. തങ്ങള്‍ മറച്ചുവെക്കുന്ന തങ്ങളുടെ അലങ്കാരം അറിയപ്പെടുവാന്‍ വേണ്ടി അവര്‍ കാലിട്ടടിക്കുകയും ചെയ്യരുത്. സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചുമടങ്ങുക. നിങ്ങള്‍ വിജയം പ്രാപിച്ചേക്കാം.” (സൂറ: നൂര്‍:30,31)

“നിങ്ങള്‍ അവരോട് (നബിയുടെ ഭാര്യമാരോട്) വല്ല സാധനവും ചോദിക്കുകയാണെങ്കില്‍ നിങ്ങളവരോട് മറയുടെ പിന്നില്‍ നിന്ന് ചോദിച്ചുകൊള്ളുക. അതാണ് നിങ്ങളുടെ ഹൃദയങ്ങള്‍ക്കും അവരുടെ ഹൃദയങ്ങള്‍ക്കും കൂടുതല്‍ സംശുദ്ധമായിട്ടുള്ളത്.”(സൂറ: അഹ്സാബ്:53)

നബി ﷺ പറഞ്ഞു :

وقال ﷺ: إيّاكم والدخول على النساء (يعني الأجنبيات) فقال رجلٌ من الأنصار: يا رسول الله! أفرأيتَ الحمو؟ قال: الحمو الموت

“നിങ്ങൾ സ്ത്രീകളുടെ അടുക്കൽ പ്രവേശിക്കുന്നതിനെ സൂക്ഷിക്കുക. അൻസ്വാരികളിൽപ്പെട്ട ഒരാൾ ചോദിച്ചു: അല്ലയോ അല്ലാഹുവിന്റെ റസൂലേ ഭർതൃ സഹോദരന്മാരോ? നബി ﷺ പറഞ്ഞു: ഭർതൃ സഹോദരൻ മരണമാകുന്നു.”

അന്യസ്ത്രീകളുമായി തനിച്ചാകുന്നതിനെ നബി ﷺ പൂർണ്ണമായും നിരോധിച്ചു. അദ്ദേഹം പറഞ്ഞു:

وقال: إنَّ ثالثهما الشيطان

“തീർച്ചയായും അവരിൽ മൂന്നാമനായി പിശാച് ഉണ്ടാകും.”

അത് പോലെത്തന്നെ കുഴപ്പങ്ങൾക്ക് വഴിവെച്ചു കൊടുക്കുമെന്നതിനാൽ മഹ്റമില്ലാതെയുള്ള യാത്രയും (നിരോധിച്ചു).

പാപത്തിന്റെ വാതിൽ അടച്ചു കൊണ്ടും തിന്മയുടെ കരങ്ങളെ തടഞ്ഞു കൊണ്ടും പിശാചിന്റെ കുതന്ത്രങ്ങളിൽ നിന്ന് സുരക്ഷയായിക്കൊണ്ടും ആണത്. അതിനാൽ നബി ﷺ യിൽ നിന്ന് സ്വഹീഹായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹം പറഞ്ഞു:

قال: اتقوا الدنيا واتقوا النساء، فإنَّ أول فتنة بني إسرائيل كانت في النساء

"നിങ്ങൾ ദുന്യാവിനെ സൂക്ഷിക്കുക, നിങ്ങൾ സ്ത്രീകളെയും സൂക്ഷിക്കുക.തീർച്ചയായും ഇസ്രാഈൽ സന്തതികളിലുണ്ടായ ആദ്യത്തെ ഫിത്ന സ്ത്രീകളിലായിരുന്നു."

നബി ﷺ പറഞ്ഞു :

وقال ﷺ: ما تركت بعدي في أمّتي فتنة أضرَّ على الرجال من النساء

“എനിക്ക് ശേഷം എന്റെ സമുദായത്തിലെ പുരുഷന്മാർക്ക് സ്ത്രീകളേക്കാൾ ഉപദ്രവമായ ഒരു കുഴപ്പത്തെയും ഞാൻ ഉപേക്ഷിക്കുന്നില്ല.”

സമൂഹ ശിഥിലീകരണത്തിനും കുടുംബ പ്രശ്നങ്ങൾക്കും കുഴപ്പങ്ങൾക്കും കാരണമാകുന്ന കൂടിക്കലരലിൽ നിന്ന് അകന്ന് നിൽക്കൽ അനിവാര്യമാണെന്ന് അറിയിക്കുന്ന വ്യക്തമായ തെളിവുകളാണ് ഈ ആയത്തുകളും ഹദീഥുകളും. അത് അപകടകരമായ പര്യവസാനത്തിൽ എത്തിക്കും. അതിന് ശേഷം നീ ഖേദിക്കുകയും ഇസ്ലാം നമുക്ക് നിഷ്കർഷിച്ചിട്ടുള്ള അവസ്ഥയിലേക്ക് മാറാൻ ആഗ്രഹിക്കുകയും ചെയ്യും.

സ്ത്രീകളെ അവളുടെതല്ലാത്ത ഉദ്യോഗങ്ങളിൽ നിർത്തിയതും അവൾ പുറത്തിറങ്ങിയതും കാരണം നിന്ദ്യതയിലും നഷ്ടത്തിലും ആയിത്തീർന്ന ഇസ്ലാമിക അയൽ രാജ്യങ്ങളിലേക്ക് എന്ത് കൊണ്ട് നമ്മുടെ നോട്ടം പതിയുന്നില്ല! പാശ്ചാത്യ

രാജ്യങ്ങളിലെ ബുദ്ധിമാന്മാർ സ്ത്രീകൾ അവരുടെ പ്രകൃതിപരമായി അവൾക്ക് അല്ലാഹു നൽകിയിട്ടുള്ള അവസ്ഥയിലേക്ക് തിരിച്ച് വരേണ്ടതിന്റെ അനിവാര്യതയിലേക്ക് ക്ഷണിക്കുന്നു. പക്ഷേ സമയം കഴിഞ്ഞുവെന്ന് മാത്രം.

അറിയുക, സ്ത്രീകളുടെയും അവളുടെ ജോലിയുടെയും ഉത്തരവാദിത്തപ്പെട്ടവർ അല്ലാഹുവിനെ സൂക്ഷിക്കട്ടെ. തിന്മയുടെ വാതിലുകളിലെ അപകടകരമായ ആ വാതിൽ നിങ്ങൾ ഈ സമൂഹത്തിന് മുന്നിൽ തുറക്കരുത്. അവ തുറക്കപ്പെട്ടാൽ അടയ്ക്കൽ പ്രയാസമാകുന്നു. ഈ നാടിനും ഭരണകൂടത്തിനും സമൂഹത്തിനും ഏറ്റവും ഗുണകാംക്ഷ, ഖുർആനിന്റെയും സുന്നത്തിന്റെയും പാതയിൽ നിലനിന്ന സലഫുകളും നില കൊണ്ട ജോലികളാണ് എന്നത് അവർ മനസ്സിലാക്കട്ടെ. കുഴപ്പത്തിന്റെയും അപകടത്തിന്റെയും വാതിലുകൾ അടക്കലും തിന്മയുടെയും ഫിത്നയുടെയും ജനവാതിലുകൾക്ക് താഴിടലും ആണത്. പ്രത്യേകിച്ച് മുസ്ലിംകളുടെ മേൽ ശത്രുക്കൾ ചാടി വീഴുന്ന ഈ കാലത്ത്, അവരുടെ കുതന്ത്രങ്ങളുടെയും ശത്രുക്കളുടെയും തിന്മയിൽ നിന്ന് രക്ഷ നേടാൻ അല്ലാഹുവിന്റെ സഹായം ഏറ്റവും ആവശ്യമായിത്തീർന്നിരിക്കുന്നു. അത്കൊണ്ട് തന്നെ അടക്കപ്പെട്ട തിന്മയുടെ ഒരു വാതിലും നാം തുറക്കാൻ പാടില്ല.

മലിക് ഫഹദ് ബ്നു അബ്ദിൽ അസീസ് തന്റെ പൊതു വിജ്ഞാപനത്തിൽ ഈ കാര്യം പ്രഖ്യാപിച്ചിട്ടുണ്ട്.

സുഊദിയിൽ ആയാലും അല്ലാത്ത സ്ഥലങ്ങളിലായാലും പുരുഷന്മാരുമായി കൂടിക്കലരലിലേക്ക് നയിക്കുന്ന ജോലി ചെയ്യാൻ സ്ത്രീകളെ അനുവദിക്കാൻ സാധ്യമല്ല. അത് ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിലാവട്ടെ, പൊതു സ്ഥാപനങ്ങളിലാവട്ടെ പ്രൈവറ്റ് കമ്പനികളിലാവട്ടെ എവിടെയായിരുന്നാലും ശരി, കാരണം അത് ശറഇയ്യായി ഹറാം ആയ കാര്യമാകുന്നു. കൂടാതെ ഈ നാടിന്റെ പതിവിനും പാരമ്പര്യത്തിനും എതിരാവുകയും ചെയ്യുന്നു. എവിടെയെങ്കിലും അപ്രകാരം സ്ത്രീകൾ തങ്ങളുടെ പ്രകൃതിക്ക് ഇണങ്ങാത്ത രീതിയിൽ പുരുഷന്മാരുമായി കൂടിക്കലരലിലേക്ക് നയിക്കുന്ന വല്ല ജോലിയും ചെയ്യുന്നുണ്ടെങ്കിൽ അത് ഒഴിവാക്കൽ നിർബന്ധമായ വലിയ തെറ്റാണ്.

ഇതാണ് ഫഹദ് രാജാവ് അദ്ദേഹത്തിന്റെ വിജ്ഞാപനത്തിൽ സ്ത്രീ പുരുഷ സങ്കലനം തടഞ്ഞ് കൊണ്ട് പറഞ്ഞത്. കൂടിക്കലരലിന്റെ അപകടത്തെക്കുറിച്ച് അദ്ദേഹത്തിന്റെ പിതാവ് അബ്ദുൽ അസീസ് രാജാവ് പറഞ്ഞു: "അവരെ അതിന് വേണ്ടി സൃഷ്ടിക്കപ്പെട്ടതല്ലാത്ത മേഖലകൾ സ്ത്രീകൾക്ക് വേണ്ടി തുറന്നു കൊടുക്കാനും അവരെ സംസ്കാരമുള്ളവളാക്കാനുള്ള വാദങ്ങൾ സ്ത്രീകളുമായി കൂടിക്കലർന്ന് കുഴപ്പമുണ്ടാക്കാനുള്ള ഏറ്റവും ചീത്തയായ കാര്യം തന്നെ. അവരുടെ അടിസ്ഥാനപരമായ ഉത്തരവാദിത്തങ്ങൾ അവർ വെടിയുന്നത് വരേക്കും. വീട് നിയന്ത്രിക്കലും അവരുടെ കരളിന്റെ കഷ്ണങ്ങളായ ഭാവിയുടെ പ്രതീക്ഷകളായ മക്കളെ തന്റെ ദീനിനോടും രാജ്യത്തോടും മാന്യ സ്വഭാവങ്ങളോടും സ്നേഹമുള്ളവരാക്കി

വളർത്തലും ആണത്. അവരുടെ കുടുംബത്തെ സ്നേഹിക്കുക പോലുള്ള സ്വഭാവപരമായ ഉത്തരവാദിത്തങ്ങളും അവർ മറക്കുന്നു. അതിനൊക്കെ പകരം ഭംഗി വെളിവാക്കലും തബറുജും തൊലിയുരിയലുകളും അവരെ ഫസാദിന്റെയും മ്ലേച്ഛതകളുടെയും ഗർത്തങ്ങളിൽ പ്രവേശിക്കലും. എന്നിട്ട് അതൊക്കെ ഉന്നമനവും വളർച്ചയുമായി വാദിക്കപ്പെടുന്നു. അല്ലാഹുവാണ് സത്യം, ഈ ഉന്നമനം നമ്മുടെ ദീനിലോ അറിവിലോ പതിവിലോ ഉള്ളതല്ല. നിന്ദ്യതയുടെ ഈ സ്ഥാനത്ത് തന്റെ ഭാര്യയോ തന്റെ കുടുംബത്തിലെ ആരെങ്കിലുമോ കാണപ്പെടുന്നത് മനസ്സിൽ അണുമണിത്തൂക്കം ഈമാനും ഇസ്ലാമും മനുഷ്യത്വവും ഉള്ള ഒരാളും തന്നെ തൃപ്തിപ്പെടുകയില്ല.

ഈ സമൂഹത്തെ നാശത്തിലേക്ക് കൊണ്ടെത്തിക്കുന്നതാണിത്. തന്റെ ദീനിൽ നിന്ന് പുറത്ത് പോയ, തന്റെ ബുദ്ധിയിൽ നിന്ന് പുറത്ത് പോയ ഒരു പുരുഷനല്ലാതെ ഈ മാർഗത്തിൽ പ്രവേശിക്കുകയില്ല.

സമൂഹത്തിന്റെ നിർമ്മിതിയിൽ കുടുംബം ഒരു അടിസ്ഥാന ഘടകമാണ്. എല്ലാ തിന്മകളെയും പ്രതിരോധിക്കുന്ന ഒരു കോട്ടയാണ് അത്.

നമ്മുടെ ഈ സംസാരം കൊണ്ട് സ്ത്രീകളെ അടിച്ചമർത്തലും അനീതിയും ഉദ്ദേശിക്കുന്നില്ല. ഇസ്ലാം മതം അവർക്ക് ആസ്വദിക്കേണ്ട അവകാശങ്ങളൊക്കെ നൽകിയിട്ടുണ്ട്. ഇന്നേ വരെ ഒരു ഉന്നത സമൂഹവും അവൾക്ക് നൽകിയിട്ടില്ലാത്ത അത്രയും. നമുക്ക് എതിരാവുന്നതോ നമ്മുടെ പുരോഗതിയിൽ നിന്ന് തടയുന്നതോ ആയ ഒന്നും തന്നെ ഇസ്ലാമിന്റെ വ്യവസ്ഥകളിലെ നിയമങ്ങളിലോ ഇല്ല. ഇത് ഉന്നത നയതന്ത്രജ്ഞരും ന്യായാധിപന്മാരുമായ മിക്ക യൂറോപ്യന്മാരും മനസ്സിലാക്കിയതാണ്.

ഈ പാശ്ചാത്യരെ പലരേയും നാം കണ്ടുമുട്ടിയിട്ടുള്ളതാണ്. നമ്മിൽപ്പെട്ട വിശ്വസ്തരായ പല മുസ്ലിംകളിൽ നിന്നും അവരുടെ നാട്ടിലെ കുഴപ്പങ്ങളെക്കുറിച്ചും കുടുംബ ചിദ്രതകളെക്കുറിച്ചും സ്വഭാവ ദൂഷ്യങ്ങളെക്കുറിച്ചുമൊക്കെയുള്ള പരാതികൾ കേട്ടിട്ടുണ്ട്. മനുഷ്യ സമൂഹത്തെ സന്മാർഗ പാതയിലും സമാധാന തീരത്തും എത്തിക്കുന്ന നമ്മുടെ ദീനിനെയും അതിന്റെ നിയമങ്ങളെയും നമ്മുടെ പ്രവാചകൻ ﷺ യുടെ അധ്യാപനങ്ങളെയും മുറുകെപ്പിടിക്കാൻ അവർ നമുക്ക് പ്രചോദനമേകുന്നു. അവർക്ക് സാധ്യമെങ്കിൽ നിരാശാജനകമായ ഈ അവസ്ഥയിൽ നിന്ന് മോചനം നേടാനും തങ്ങളുടെ മനസ്സുകളെ ശുദ്ധീകരിക്കുവാനും അവർ ആഗ്രഹിക്കുന്നുണ്ട്. അവരുടെ രാജ്യങ്ങളാവട്ടെ രക്തച്ചൊരിച്ചിലുകളുടെയും അതിർത്തി പ്രശ്നങ്ങളുടെയും ഭീഷണിയിലുമാണ്.

അവരിൽപെട്ട നിപുണന്മാരായ എഴുത്തുകാരും ചിന്തകന്മാരും അവർക്ക് മുന്നിലുള്ള ഈ ഗർത്തത്തെ തിരിച്ചറിഞ്ഞിട്ടുണ്ട്. ഇപ്പോഴത്തെ അവസ്ഥയെ വിലയിരുത്തുന്ന നിരൂപകന്മാർ സർവ്വ നാശത്തിനും കാരണമാകുന്ന ഈ മാർഗത്തിൽ നിന്ന് മാറി നിൽക്കാനാണ് അവരുടെ പത്രങ്ങളിലൂടെയും ഗ്രന്ഥങ്ങളിലൂടെയും ഉപദേശിക്കുന്നത്.

**ഓരോ മുസ്‌ലിമും ഓരോ അറബിയും തന്റെ മതത്തിൽ അഭിമാനിക്കൽ നിർബന്ധമാണ്. തന്റെ അറബിത്വത്തിൽ പ്രതാപിയായിക്കൊണ്ട്, ദീനിന്റെ അടിസ്ഥാനങ്ങൾക്കും അല്ലാഹു തന്റെ ജീവിതവും അതിന് ശേഷമുള്ളതും നിലനിർത്താൻ കൽപ്പിച്ച കാര്യങ്ങൾക്കും എതിരാവാതെ, തന്റെ നാടിനും രാജ്യത്തിനും എല്ലാ നന്മയും വരുത്തുന്ന പ്രവർത്തനങ്ങൾ ചെയ്ത് കൊണ്ട്, യഥാർത്ഥ ഔന്നിത്യം എന്നത് സത്യസന്ധമായ വിശ്വാസവും, ശരിയായ അറിവും, മാന്യമായ സ്വഭാവവും, മ്ലേച്ഛതകളിൽ നിന്നും തന്റെ മനുഷ്യത്വത്തിനും അറബി തനിമയെയും ബാധിക്കുന്ന കാര്യങ്ങളിൽ നിന്ന് പിന്തിരിയലും, മഹത്തായ കാര്യങ്ങളായ അല്ലാഹുവിനെ മാത്രം ആരാധിക്കാൻ പ്രോത്സാഹിപ്പിക്കുന്ന ശരീഅത്തിന്റെ കൽപ്പനകൾ വിലക്കെടുത്ത മഹാന്മാരായ പൂർവ്വികരുടെ പാത പിന്തുടരലും, അറിയേണ്ട രൂപത്തിൽ തന്റെ രക്ഷിതാവിനെ മനസ്സിലാക്കലും, ഇസ്‌ലാമിനെയും അതിന്റെ പ്രാധാന്യത്തെയും നബി ﷺ യെയും അദ്ദേഹം കൊണ്ടു വന്ന ഇരു ഭവനങ്ങളിലും സൗഭാഗ്യം നൽകുന്ന മൂല്യവത്തായ ആശയങ്ങളെയും അറിയലും, യഥാർത്ഥ പ്രതാപം അല്ലാഹുവിനും സത്യവിശ്വാസികൾക്കുമാണെന്ന് പഠിപ്പിക്കലും, കുടുംബത്തിന്റെ ചിലവ് വഹിച്ച് തന്റെ ജോലിയുടെ ഫലം ആസ്വദിച്ച് കൊണ്ട് അവർക്ക് നന്മ ചെയ്യലുമാണത്. അവൻ അങ്ങനെ ചെയ്താൽ തന്റെ രാജ്യത്തിനും നാടിനും സേവനം ചെയ്തിരിക്കുന്നു.**

ശറഇയ്യായ തെളിവുകളും ചില നേതാക്കന്മാരുടെയും പണ്ഡിതന്മാരുടെയും, സ്ത്രീകൾക്ക് ഹിജാബ് നിർബന്ധവും പുരുഷന്മാരുമായി കൂടിക്കലരൽ നിഷിദ്ധവുമാണെന്നുള്ള വാക്കുകൾ ഉദ്ധരിച്ച് ഞാൻ പറയട്ടെ, അതിന്റെ തിന്മകളും വ്യക്തിയിലും സമൂഹത്തിലും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളും വെച്ച് കൊണ്ട് അതിനെ നിസ്സാരമാക്കിക്കാണാൻ ഒരാൾക്കും തന്നെ സാധ്യമല്ല.

ഇരു ഹറമുകളുടെ നാടിന്റെയും വിശ്വാസത്തെയും നിർഭയത്വത്തെയും സ്വഭാവത്തെയും സംരക്ഷിക്കുവാനും മുഴുവൻ മുസ്‌ലിംകൾക്കും ദീനിൽ അതീവജ്ഞാനം നേടി സത്യത്തിൽ ഉറച്ച് നിൽക്കാനും രഹസ്യവും പരസ്യവുമായ എല്ലാ ഫിത്നകളിൽ നിന്ന് രക്ഷപ്പെടുത്തുവാനും ഞാൻ അല്ലാഹുവിനോട് ചോദിക്കുന്നു. തീർച്ചയായും അവൻ എല്ലാം കേൾക്കുന്നവനും ഉത്തരം നൽകുന്നവനുമാകുന്നു."

وصلى الله على عبده ورسوله نبينا محمد وآله وصحبه.

വിവർത്തനം : ഉമ്മു അമ്മാർ

പരിശോധിച്ചത് : അബൂ അമ്മാർ ഹംറാസ് ബ്നു ഹാരിസ്

& അബൂ മുഹമ്മദ് സാജിദ് ബ്നു ശരീഫ്